# Trichur Archdiocesan Bulletin

നവംബർ 2020
വാല്യം: 87 ലക്കം: 11
ESTD:1934




കുരിശിലെ രക്ഷ (1 കോറിന്തോസ് 1: 18)

TAB

# ആദരാഞ്ജലികൾ



## ഫാ. തോബിയാസ് ചാലയ്ക്കൽ

ജനനം : 17.04.1946 തിരുപ്പട്ടം : 18.12.1973 മരണം : 28.10.2020



Trichur Archdiocesan Bulletin TAB

ESTD:1934


**നവംബർ 2020**

ലക്കം:11 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 4 |
| സർക്കുലർ | 17 |
| കച്ചേരിക്കാര്യം | 21 |
| നാളാഗമം | 24 |
| നാമകരണ നടപടികൾ | 27 |
| പാലയൂർ തീർത്ഥകേന്ദ്രം | 30 |
| ആദരാഞ്ജലികൾ | 31 |
| വൈദികർ | 33 |
| സന്യസ്തർ | 35 |
| വിശ്വാസപരിശീലനം | 37 |
| സ്ഥാപനങ്ങൾ | 43 |
| സംഘടനകൾ | 58 |

1836/ 2020
27.10.2020 P-3

# ഇടയലേഖനം

## കോവിഡ്കാല അജപാലനവും 2020–21 വർഷങ്ങളിലെ അജപാലനപദ്ധതിയും

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത



**കോവിഡ്കാല അജപാലനവും 2020–21 വർഷങ്ങളിലെ അജപാലനപദ്ധതിയും**

യേശുവിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, വത്സല മക്കളേ,

നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സമാധാനവും അനുഗ്രഹവും ആശംസിക്കുന്നു. ഒക്ടോബർ മാസത്തിൽ രോഗദുരിതങ്ങളിൽ നിന്ന് ലോകജനതക്ക് സംരക്ഷണം ലഭിക്കുന്നതിനുവേണ്ടി നമ്മൾ ജപമാല ചൊല്ലി പ്രത്യേകമായി പ്രാർത്ഥിക്കുകയായിരുന്നല്ലോ. കോവിഡ് മഹാമാരിയെ അതിജീവിക്കാൻ നമ്മുടെ രാജ്യവും സഭയും കുടുംബങ്ങളും വളരെയധികം പ്രവർത്തിക്കുന്നുണ്ടെന്ന് അറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരും, സമർപ്പിതരും, നിരവധി അല്മായരും കോവിഡ് പ്രതിരോധത്തിലും സാമൂഹിക ശാക്തീകരണ

ത്തിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. സാഹചര്യങ്ങൾക്കനുസൃതമായി അജപാലനശുശ്രൂഷകളെ പുനരാവിഷ്കരിക്കാനും സാധാരണ അജപാലനശുശ്രൂഷയിൽ വന്ന വിടവു നികത്താനും എല്ലാവരും ഒത്തൊരുമിച്ചു പ്രവർത്തിച്ചുവെന്നത് ഏറെ അഭിനന്ദനീയമാണ്. പ്രത്യേകമായി, സമർപ്പിതർ, സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ സാന്ത്വനം, കത്തോലിക്ക കോൺഗ്രസ്, യുവജന സംഘടനകൾ, നമ്മുടെ ഭവനങ്ങളിലേക്ക് വിശ്വാസദൂതുമായി വന്ന മീഡിയ കത്തോലിക്ക, കുടുംബകൂട്ടായ്മകൾ, വിശ്വാസപരിശീലന വിഭാഗം, അജപാലനപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന പാക്ട് തുടങ്ങിയവയെ നന്ദിയോടെ ഓർക്കുന്നു.

**സഭയും കോവിഡ്കാല അജപാലനവും**

കോവിഡ് കാലഘട്ടത്തിലെ അജപാലനപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കുവാൻ സഭ പരിശ്രമിക്കുന്നുണ്ട്. സഭാപിതാക്കൻമാരും ഫ്രാൻസിസ് മാർപ്പാപ്പയും ഉപയോഗിക്കുന്ന ചില പ്രതീകങ്ങളുപയോഗിച്ച് ഈ കാലഘട്ടത്തിലെ സഭയെയും അവളുടെ ദൗത്യത്തെയും അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 1. സഭ അമ്മയാണ്: സഭയെ അമ്മയായി സ്വീകരിക്കാത്തവന് ദൈവത്തെ പിതാവായി സ്വീകരിക്കാനാവില്ല എന്ന് വി. സിപ്രിയാൻ എഴുതി. നമുക്ക് സഭയോട് പുത്രതുല്യമായ സ്നേഹം ഉണ്ടാകണമെന്നു മാത്രമല്ല ഇതിനർത്ഥം. വിശ്വാസികളെയും പ്രപഞ്ചം മുഴുവനേയും മാതൃതുല്യമായ സ്നേഹത്തോടെ സഭ പരിചരിക്കണമെന്നുകൂടി ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നുണ്ട്. 2. സഭ യുദ്ധമുഖത്തെ ആശുപത്രിയാണ് (സ്നേഹത്തിന്റെ സന്തോഷം, 291): സഭയുടെ ദരിദ്രരോടും ബലഹീനരോടുമുള്ള സേവനസന്നദ്ധതയെയും പക്ഷംചേരലും സഭയുടെ ശുശ്രൂഷാമേഖലകളിൽ മുറിവേറ്റവർക്കും ദുരിതമനുഭവിക്കുന്നവർക്കും നൽകുന്ന പരിഗണനയും നമുക്ക് കാണാവുന്നതാണ്. പ്രതിസന്ധികളെ നേരിടാൻ കർത്താവിൽ ശക്തയാണ് സഭ (2 കോറി 10, 3–7).

**കോവിഡ് കാലഘട്ടത്തിലെ നമ്മുടെ ദൗത്യം**

കോവിഡ് കാലയനുഭവങ്ങളും അജപാലന നിർദ്ദേശങ്ങളും പങ്കുവെക്കുവാനും പരസ്പരം ശ്രവിക്കുവാനും, നമ്മുടെ അതിരൂപതയിൽ പറോക്ക്

അജപാലന ഗവേഷണകേന്ദ്രത്തിന്റേയും പാക്ടിന്റേയും ആഭിമുഖ്യത്തിൽ, ബഹു. വൈദികരും സമർപ്പിതരും അല്മായ നേതാക്കളും പങ്കെടുത്ത ഏതാനും വെർചൽ സമ്മേളനങ്ങൾ നടക്കുകയുണ്ടായി. സഭയേയും സമൂഹത്തേയും ബാധിക്കുന്ന നിരവധി പ്രതിസന്ധികൾ വിശകലനം ചെയ്യപ്പെടുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ചർച്ചകളുടെ വെളിച്ചത്തിൽ നാം അടിയന്തിരമായി നേരിടേണ്ട വെല്ലുവിളികളെക്കുറിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. വിശ്വാസ–ആത്മീയ മേഖല**

അതിരൂപതയുടെ വിശ്വാസ–ആദ്ധ്യാത്മിക മണ്ഡലം അതിവേഗത്തിലുള്ള മാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. വിശ്വാസ–സഭാജീവിതത്തിന്റെ അടിസ്ഥാനമായ വി. കുർബാനയർപ്പണത്തിൽ നേരിട്ട് പങ്കുചേരുവാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ, ആ പ്രതിസന്ധി തരണം ചെയ്യാൻ ഓൺലൈൻ കുർബാനകൾ ഒരു പരിധിവരെ നമ്മെ സഹായിച്ചിട്ടുണ്ട്. എന്നാൽ, ദൈവാലയത്തിൽ നേരിട്ട് സന്നിഹിതരായി നാം ഒരുമിച്ച് അർപ്പിക്കുന്ന ബലിയർപ്പണത്തിനും കൂദാശകൾക്കും പകരം നിൽക്കാൻ മാധ്യമങ്ങൾ വഴിയുള്ള ആത്മീയ ശുശ്രൂഷകൾക്ക് സാധിക്കുകയില്ല എന്ന് ആഹ്വാനം ചെയ്യുന്ന പരിശുദ്ധ സിംഹാസനത്തിന്റെ കോവിഡ്കാല പ്രബോധനം ഇവിടെ പ്രത്യേകം സ്മരണീയമാണ്. ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ സംജാതമാകുന്ന യേശുവുമായുള്ള കൗദാശിക–ശാരീരിക–ആത്മീയ ഐക്യം (യോഹ 6:56) നമ്മുടെ ക്രൈസ്തവ ജീവിതത്തിന്റെ അനിവാര്യവും പകരം വെക്കാനാവാത്തതുമായ അടിസ്ഥാന അനുഭവമാണ്. അതിനാൽത്തന്നെ, നമ്മുടെ ഇടവക ദൈവാലയങ്ങളിലെ പൊതുപ്രാർത്ഥനകളും കൂദാശകളും പ്രത്യകിച്ച്, വി. ബലിയർപ്പണവും കുമ്പസാരവും ഗവൺമെന്റിൽനിന്നും സഭാനേതൃത്വത്തിൽ നിന്നുമുള്ള പൊതു നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും പ്രാദേശിക പ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടും നടത്തണമെന്ന് സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. മാത്രമല്ല, സാധ്യമായ സാഹചര്യത്തിൽ നേരിട്ടുള്ള ബലിയർപ്പണത്തിലേക്ക് മടങ്ങാൻ ഇടവകസമൂഹത്തെ സഹായിക്കുന്ന ബോധവൽക്കരണവും പ്രോത്സാഹനവും സഹായവും നല്കാൻ ബ. വൈദികരും സമർപ്പിതരും അല്മായ നേതാക്കളും പള്ളിയോഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

നമ്മുടെ വിശ്വാസവും സഭാജീവിതവും മാധ്യമങ്ങളിലൂടെ സഭാവിരുദ്ധശക്തികളാൽ ആക്രമിക്കപ്പെടുന്ന കാലമാണിത്. ക്രൈസ്തവ കൂട്ടാ

യ്മയെ ഭിന്നിപ്പിക്കാനും സത്യപ്രബോധനത്തിൽ നിന്ന് വഴിതെറ്റിക്കാനുമായി നടത്തുന്ന പരിശ്രമങ്ങൾക്കെതിരെ നാം ജാഗരൂകരാകണം. നമ്മുടെ വിശ്വാസത്തേയും ആദ്ധ്യാത്മികതയേയും സഭാകൂട്ടായ്മയേയും കുറിച്ചുള്ള ബോധ്യങ്ങൾ ദൈവജനത്തിൽ – മാതാപിതാക്കളിലും യുവജനങ്ങളിലും കുട്ടികളിലും വൈദിക–സമർപ്പിത–അല്മായനേതൃത്വത്തിലും – വളർത്താൻ നാമൊരുമിച്ച് പരിശ്രമിക്കണം. പ്രത്യേകമായി നമ്മുടെ കർത്താവായ യേശുവിന്റെ ഏക കർതൃത്വം, കുരിശിലെ മരണവും ഉത്ഥാനവും അവിടുത്തേക്ക് മാത്രം നല്കാൻ കഴിയുന്ന രക്ഷ, സുവിശേഷം പ്രഘോഷിക്കാനും സാക്ഷ്യപ്പെടുത്താനുമുള്ള നമ്മുടെ കടപ്പാട് എന്നിവ സഭാസമൂഹത്തിൽ ആഴപ്പെടേണ്ടതുണ്ട്. മാത്രമല്ല, സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനും സഭാ–സമൂഹ നേതൃത്വത്തിലേക്ക് വളരാനും നമ്മുടെ അല്മായരേയും യുവജനങ്ങളേയും കുട്ടികളേയും പരിശീലിപ്പിക്കാൻ നാം ജാഗ്രതയോടെ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഏകോപനവും പൊതു ദർശനവും ഉണ്ടാകേണ്ടത് അത്യാവശ്യവുമാണ്.

**2. സാമൂഹ്യ–സമ്പർക്ക മേഖല**

സഭയും സമുദായവുമെന്ന നിലയിൽ നമ്മുടെ കൂട്ടായ്മയും പരസ്പര ബന്ധവും പുരോഗതിയും വെല്ലുവിളിക്കപ്പെടുന്ന കാലം കൂടിയാണിത്. ദൈവാലയ കേന്ദ്രീകൃതമായതും ഞായറാഴ്ചയാചരണത്തിൽ അധിഷ്ഠിതവും, കുടുംബ കൂട്ടായ്മകളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും പരിപോഷിതവും ഗാർഹികസഭയിൽ അധിഷ്ഠിതമായതും പരസ്പരമുള്ള ഹൃദയൈക്യത്തിൽ വളരുന്നതുമാണ് സഭയിലെ കൂട്ടായ്മ. എന്നാൽ കോവിഡ് മഹാമാരി നമ്മുടെ പതിവ് സമ്മേളനങ്ങളെ പരിമിതപ്പെടുത്തുകയൊ അസാധ്യമാക്കുകയൊ ചെയ്തുകൊണ്ട് ഈ കൂട്ടായ്മക്ക് ക്ഷതമേല്പിച്ചിട്ടുണ്ട്.. എന്നാൽ ഈ സാഹചര്യത്തെ അതിജീവിക്കാൻ നാം പരിശീലിക്കേണ്ടിയിരിക്കുന്നു. നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലി മുന്നോട്ടുവെച്ച, കുടുംബ കേന്ദ്രീകൃത അജപാലനം, സഹഗമനം, പങ്കാളിത്ത അജപാലനം എന്നീ അടിസ്ഥാന അജപാലന ശൈലികളിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഓരോ ഇടവകയും വിഭാവനം ചെയ്യേണ്ടിയിരിക്കുന്നു.

സഭാ കൂട്ടായ്മയുടെ ഒരു പ്രതിഫലനമാണ് സമുദായബോധം. ഒരേ വിശ്വാസ–ആത്മീയ പൈതൃകത്തിൽ പങ്കുപറ്റുന്ന സമൂഹമെന്ന നിലയിലുള്ള നമ്മുടെ സ്വത്വബോധനത്തെയും വ്യക്തിത്വത്തേയും ദൗത്യത്തേയും കുറിച്ചുള്ള അവബോധമാണ് സമുദായബോധം. അത് നമ്മുടെ സമുദായത്തിന് പുറത്തുള്ളവരെ പ്രതിയോഗികളോ ശത്രുക്കളോ ആയിക്കാണുന്ന മൗലികതയിൽ നിന്നും വംശീയതയിൽ

നിന്നും വർഗ്ഗീയതയിൽ നിന്നും വ്യത്യസ്തമാണ്. സ്വസമുദായത്തിന്റെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോഴും മറ്റു മത സ്ഥരോടും വ്യത്യസ്ത ജനവിഭാഗങ്ങളോടുമുള്ള നമ്മുടെ ആദരവും സഹ വർത്തിത്വവും സമുദായബോധത്തിന്റെ അവിഭാജ്യ ഭാഗമാണ്. നമ്മുടെ സമുദായത്തിലുള്ളവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളും ത്രിതല പഞ്ചായത്തും ഇപ്പോൾത്തന്നെ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിന് നാം ആരംഭിച്ചിരിക്കുന്ന ഫസിലിറ്റേഷൻ സെന്റർ (AFC) ഇടവകകളിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രമിക്കുമല്ലോ. മാർത്തോമ്മാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷപ്രഘോഷണത്തിൽ അടിസ്ഥാനമിട്ട സുറിയാനി കത്തോലി ക്കരെന്ന നമ്മുടെ സ്വത്വബോധത്തിൽ നിന്നാണ് നമ്മുടെ സമുദായ ബോധം വളർന്നു വികസിക്കേണ്ടത്. സമുദായമെന്ന നിലയിലും സമൂഹ മെന്ന നിലയിലും നാം നേരിടുന്ന നിരവധി പ്രതിസന്ധികളെ ഒറ്റക്കെട്ടായി നേരിടുവാൻ, നമുക്ക് ഒന്നിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും പ്രതിസന്ധികളെ ഒന്നിച്ച് നേരിടുകയും ചെയ്യാം.

**3. സാമ്പത്തിക-സഹകരണ മേഖല**

കോവിഡ് മഹാമാരിയും ലോക്ക്ഡൗണും സാമൂഹിക സാമ്പത്തിക മേഖ ലയിൽ ഏല്പിച്ചിട്ടുള്ള ആഘാതം ഗൗരവതരമാണ്. ഉപജീവനത്തിനാ യിട്ടുള്ള മാർഗ്ഗം നഷ്ടപ്പെട്ട നിരവധിപേരെ നമുക്കിടയിൽ നാം കണ്ടുമു ട്ടുന്നു. കാർഷിക വ്യവസായ മേഖലകളും തകർച്ചയുടെ വക്കിലാണ്. തൊഴിൽരഹിതരായ യുവാക്കളുടെ കണ്ണുനീർ നമ്മെ ആഴത്തിൽ വേദ നിപ്പിക്കുന്നുണ്ട്. അനിവാര്യമായിത്തീർന്ന സാമൂഹിക അകലം സൃഷ്ടിച്ച പ്രതിസന്ധികളും നമ്മുടെ സത്വര ശ്രദ്ധയർഹിക്കുന്നു. പ്രത്യേകിച്ച് വൃദ്ധ രായ മാതാപിതാക്കൾ, ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവർ തുടങ്ങിയവർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ നാം കാണാതെ പോകരു ത്.

സാമ്പത്തിക-സാമൂഹിക മേഖലകളിലെ പ്രതിസന്ധികളും വിഷമസ്ഥി തികളും നിരവധി പേരുടെ മാനസിക ആരോഗ്യത്തെ ബാധിക്കുന്നതായും കാണുന്നു. സഭാംഗങ്ങളായ നമ്മുടെ ശ്രദ്ധാപൂർവ്വമായ സഹഗമനവും കൂട്ടായ പ്രയത്നങ്ങളും ഇത്തരുണത്തിൽ ആവശ്യമാണ്. ആത്മീയവും മാനസികവും ശാരീരികവുമായ ദാരിദ്ര്യം അനുഭവിക്കുന്നവരോട് പക്ഷം ചേർന്ന് യേശുക്രിസ്തുവിന്റെ മനസ്സോടു ചേർന്ന് (ഫിലി. 2, 5) അവരെ സുഖപ്പെടുത്തുവാനും ശക്തിപ്പെടുത്താനുമുള്ള ദൗത്യം നാം തുടരേണ്ടി യിരിക്കുന്നു. ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാണിക്കുന്നതുപോലെ, ദരിദ്ര രോടും ദുർബലരോടുമുള്ള പക്ഷംചേരൽ സഭക്ക് വിശ്വാസപരമായ പ്രത്യേകതയാണ് (സുവിശേഷത്തിന്റെ ആനന്ദം, 198). നമ്മുടെ അതിരൂ

പത ഈ മേഖലയിൽ ചെയ്യുന്ന നിരവധി പ്രവർത്തനങ്ങൾക്ക് ദൈവ ത്തിന് മഹത്വമർപ്പിക്കുന്നതിനോടൊപ്പം കൂടുതൽ സേവനതല്പരത യോടെ സാമൂഹിക–സാമ്പത്തിക മേഖലകളിലെ വെല്ലുവിളികളിൽ നമുക്ക് നമ്മുടെ സഹോദരങ്ങളോടൊപ്പമായിരിക്കാം.

**കോവിഡ്/കോവിഡാനന്തരകാല അജപാലന പ്രവർത്തനങ്ങൾ**

കോവിഡ് കാലവും അതിന്റെ അനുബന്ധ പ്രത്യേകതകളും നമ്മുടെ വിശ്വാസ–ആത്മീയ–സാമൂഹിക–സാമ്പത്തിക മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടാൻ നമ്മുടെ ബ. വൈദികരും സമർപ്പിതരും അല്മായ നേതാക്കളും നിർദ്ദേശിച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊ ണ്ടുള്ള "കോവിഡ് കാല അജപാലന പ്രവർത്തനങ്ങൾ" ഈ ഇടയ ലേഖനത്തിന്റെ അനുബന്ധമായി നല്കിയിട്ടുണ്ട്. അതിരൂപത തല ത്തിലും ഇടവക തലത്തിലും കുടുംബങ്ങളിലും ചെയ്യേണ്ട പ്രവർത്ത നങ്ങളാണ് അതിലുള്ളത്. ഓരോ ഇടവകയിലേയും പ്രാദേശിക സാഹ ചര്യങ്ങൾ കണക്കിലെടുത്ത് ഇവയിൽ നിന്ന് സാധിക്കുന്ന പ്രവർത്തന ങ്ങൾ തിരഞ്ഞെടുത്ത് ഇടവകയിലും കുടുംബങ്ങളിലും നടപ്പാക്കുമല്ലോ. ഇടവകയിലെ അജപാലനസമിതിയായ പാക്ടിന്റെ സഹായത്തോടെ കുടുംബകൂട്ടായ്മ കേന്ദ്രസമിതി, ഏകോപനസമിതി എക്സിക്യൂട്ടിവ്, കൈക്കാരൻമാർ എന്നിവർ ചേർന്നുള്ള ആവശ്യമായ വിലയിരുത്തലു കൾക്കുശേഷം ഉചിതമായ പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത് സമയ ബന്ധിതമായി നടപ്പാക്കേണ്ടതാണ്. ഇടവകയിലെ കുടുംബകൂട്ടായ്മ കളും സംഘടനകളും പ്രസ്ഥാനങ്ങളും വിശ്വാസപരിശീലനവിഭാഗവും ഏതെങ്കിലും ഒരു പ്രവർത്തനമെങ്കിലും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. അങ്ങിനെ ഇടവക കൂട്ടായ്മ കൂടുതൽ സജീവവും പ്രവർത്തനനിരത വുമാകട്ടെ.

**അജപാലനപദ്ധതി 2020–21: കുടുംബവും പ്രാർത്ഥനാജീവിതവും**

2020 വർഷത്തേക്ക് വിഭാവനം ചെയ്ത കുടുംബവും പ്രാർത്ഥനാജീവിതവും എന്ന അജപാലപദ്ധതി കോവിഡ് ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ നമുക്ക് നടപ്പാക്കാൻ കഴിഞ്ഞിരുന്നി ല്ല. പ്രാധാന്യത്തോടെ നടപ്പാക്കേണ്ട ഈ പദ്ധതി 2021 വർഷത്തിൽ അതിരൂപത ഒത്തൊരുമിച്ച് നടപ്പാക്കാൻ ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. നമ്മുടെ അജപാലനസാഹചര്യങ്ങളിൽ അനുഭ വപ്പെടുന്ന വെല്ലുവിളികളെ നേരിടാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ദൈവജനത്തിന്റെ ദൈവവുമായുള്ള ബന്ധം – പ്രാർത്ഥനാജീവിതത്തെ – ശക്തിപ്പെടുത്തുകയെന്നതാണ്. കുടംബങ്ങളിലെ പ്രാതഥനാജീവിതം ശക്തിപ്പെടുമ്പോൾ വിശ്വാസ – സഭാ ജീവിതം ശക്തിപ്പെടുമെന്ന മൂന്നാം അതിരൂപത അസംബ്ലിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലുള്ള

നിർദ്ദേശങ്ങളുമാണ് 2020–21 ലെ അജപാലനപദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. ഇടവക പാക്ടിന്റെ നേതൃത്വത്തിൽ ഓരോ ഇടവകയും അതിരൂപത അജപാലന പദ്ധതിയുടെ അടിസ്ഥാനത്തിൽ തങ്ങളുടെ അജപാലനപദ്ധതി തയ്യാറാക്കി, പള്ളിയോഗത്തിന്റെ അംഗീകാരത്തോടെ 2020 ഡിസംബറിൽ പ്രസിദ്ധീകരിക്കുകയും 2021 ജനുവരി മുതൽ നടപ്പാക്കുകയും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. അതുപോലെ നമ്മുടെ അതിരൂപതയിലെ സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും ഈ അജപാലനപദ്ധതിയുടെ അടിസ്ഥാനത്തിൽ 2021 ലെ അജപാലനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതിരൂപയിലെ കുടുംബങ്ങളുടെ പ്രാർത്ഥനാജീവിതത്തിന്റെ നവീകരണത്തിനും വളർച്ചക്കും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

സഭാജീവിതത്തിന്റെ നാല് അടിസ്ഥാന സ്തംഭങ്ങളായ പ്രബോധനം (വിശ്വാസം), (സഭാ) കൂട്ടായ്മ, ബലിയർപ്പണം (അപ്പംമുറിക്കൽ), പ്രാർത്ഥന (അപ്പ. 2, 42) എന്നിവയെ ശക്തിപ്പെടുത്താൻ നമുക്ക് ഒരുമിച്ച് ഒരു കുടുംബമായി പരിശ്രമിക്കാം. അജപാലനപദ്ധതി 2020–21 ഉം കോവിഡ് കാല അജപാലന പദ്ധതിയും നമ്മെ അതിന് സഹായിക്കും. പരിശുദ്ധാത്മാവിന്റെ കൃപയും നമ്മുടെ അമ്മയായ പ. മറിയത്തിന്റെ മാതൃസഹജമായ മാധ്യസ്ഥവും നമ്മെ വഴിനടത്തട്ടെ. നിങ്ങൾക്കേവർക്കും എന്റെ പ്രാർത്ഥന വാഗ്ദാനം ചെയ്തുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ഏവരെയും ആശീർവദിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ ഇടയലേഖനം 2020 നവംബർ 1ന് ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയും സാധിക്കുന്ന മാധ്യമങ്ങളിലൂടെ അതിരൂപതയിലെ വിശ്വാസികൾക്ക് അയച്ചുകൊടുക്കുകയും വേണം. +AT

## കോവിഡ്/കോവിഡാനന്തര കാല അജപാലന പ്രവർത്തനങ്ങൾ തൃശ്ശൂർ അതിരൂപത

1. കുടുംബ-ഇടവക-അതിരൂപത തലങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളാണ് താഴെ നല്കിയിരിക്കുന്നത്.
2. കുടുംബ തലത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുക.
3. പാക്ടിന്റെ സഹായത്തോടെ കുടുംബകൂട്ടായ്മ കേന്ദ്രസമിതി, ഏകോപനസമിതി എക്സിക്യൂട്ടീവ്, കൈക്കാരൻമാർ എന്നിവരുടെ സമ്മേളനം ചേർന്ന് ആവശ്യമായ വിലയിരുത്തലുകൾക്കുശേഷം ഇടവക തല പ്രവർത്തനങ്ങളിൽ നിന്ന് ഉചിതമായ പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത് സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്. ഇടവകയിലെ കുടുംബകൂട്ടായ്മകളും സംഘടനകളും പ്രസ്ഥാനങ്ങളും വിശ്വാസപരിശീലനവിഭാഗവും ഏതെങ്കിലും ഒരു പ്രവർത്തനമെങ്കിലും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.
4. അതിരൂപതാ തലത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സംഘടനകളും പ്രസ്ഥാനങ്ങളും വിവിധ വിഭാഗങ്ങളും പരിശ്രമിക്കുമല്ലോ.
5. ഓരോ പ്രവർത്തനത്തിന്റെയും നിർവ്വഹണചുമതല വഹിക്കാൻ നിർദ്ദേശിക്കപ്പെട്ടവരുടെ വിവരങ്ങൾ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.

### I. കുടുംബങ്ങളിൽ ചെയ്യേണ്ടവ

A) ആത്മീയ-വിശ്വാസ മേഖല

1) കുടുംബാംഗങ്ങളെല്ലാവരും ദൈവാലയത്തിൽ നേരിട്ടോ, കോവിഡ് നിയന്ത്രണങ്ങൾ അതു സാധ്യമാക്കാത്തപ്പോൾ, മാധ്യമങ്ങൾ വഴിയോ, വി. കുർബാനയിൽ പങ്കുചേരുന്നുവെന്ന് ഉറപ്പുവരുത്തുക. മാധ്യമങ്ങൾ വഴി പങ്കുചേരുമ്പോൾ വസ്ത്രധാരണം, പരിസരം, മനോഭാവം... എന്നിവ വി. കുർബാനയുടെ ചൈതന്യത്തിന് ചേർന്നതാകാൻ ശ്രദ്ധിക്കുക. അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം വേണ്ടത്ര ഒരുക്കത്തോടെ ചെയ്യാൻ ശ്രദ്ധിക്കുക. (മാതാപിതാക്കൾ, മുതിർന്നവർ).
2) വിശ്വാസപരിശീലനം (1 - ACC) നടത്തുന്ന മക്കൾ ഓൺലൈൻ വിശ്വാസപരിശീലനക്ലാസ്സുകളിൽ പങ്കെടുക്കുന്നുവെന്നും വിശ്വാസപരിശീലകർ നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യുന്നുവെന്നും ഉറപ്പുവരുത്തുക (മാതാപിതാക്കൾ, മുതിർന്നവർ).

3) പരമ്പരാഗതമായി നമുക്ക് ലഭിച്ചിട്ടുള്ള കുടുംബാചാരങ്ങൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രോത്സാഹിപ്പിക്കുക. (അതിന് സഹായകമായ കുടുംബ ലിറ്റർജി 2021ൽ നമ്മുടെ അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു).

B) സാമൂഹ്യ-സമ്പർക്ക മേഖല

1) കുടുംബാംഗങ്ങൾ, വൈദികരും സന്യസ്തരും മറ്റു കുടുംബങ്ങളുമായും ഫോൺ വഴിയും സമൂഹമാധ്യമങ്ങൾ വഴിയും സ്നേഹസമ്പർക്കം പുലർത്താൻ ശ്രമിക്കുക (മാതാപിതാക്കൾ, മുതിർന്നവർ).

C) സാമ്പത്തിക-സഹകരണ മേഖല

1) കുടുംബങ്ങളിൽ ജൈവകൃഷി, പൂന്തോട്ടം എന്നിവ പ്രോത്സാഹിപ്പിക്കുക. കുടുംബബന്ധങ്ങൾ കെട്ടുറപ്പുള്ളതാകാൻ വീട്ടുജോലികൾ കുടുംബാംഗങ്ങൾ ഒരുമിച്ചും പങ്കാളിത്തത്തോടെയും നിർവ്വഹിക്കുക (മുതിർന്നവർ, കുട്ടികൾ).

## II. ഇടവക തലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ

A) ആത്മീയ-വിശ്വാസ മേഖല

1) കോവിഡ് നിയന്ത്രണങ്ങൾ പ്രകാരം, വി. കുർബാനയിൽ പങ്കെടുക്കാൻ തടസ്സമില്ലാത്തവരെ സാധിക്കുന്ന ദിവസങ്ങളിലെല്ലാം ദൈവാലയത്തിൽ വന്ന് വി. കുർബാനയിൽ പങ്കുകൊള്ളാൻ പ്രോത്സാഹിപ്പിക്കുക. അതിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്യുക. ആവശ്യമുള്ളവർക്ക് കുമ്പസാരിക്കാനുള്ള അവസരവുമൊരുക്കുക. മറ്റുള്ളവരെല്ലാം മാധ്യമങ്ങളിലൂടെ വി. കുർബാനയിലും പ്രാർത്ഥനാ ശുശ്രൂഷകളിലും വേണ്ടത്ര ഒരുക്കത്തോടെ പങ്കുചേരാൻ പ്രോത്സാഹിപ്പിക്കുക. ദൈവാലയത്തിൽ വരാൻ സാധിക്കാത്തവർക്ക് ഉചിതമായ അവസരങ്ങളിൽ കുമ്പസാരിക്കാനും വി. കുർബാന സ്വീകരിക്കാനും സാധ്യമായതെല്ലാം ചെയ്യുക. (വൈദികർ, സന്യസ്തർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ)

2). ഇടവക ദൈവാലയത്തിൽ കുടുംബകൂട്ടായ്മകൾ, സംഘടനകൾ, വിശ്വാസപരിശീലനാർത്ഥികൾ എന്നിവർക്ക് ചെറിയ ഗ്രൂപ്പുകളായി വി. കുർബാന അർപ്പിക്കുകയും തുടർന്ന് യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. ഇതുവഴി വിശ്വാസ-ആത്മീയ പരിശീലനത്തിനും പരസ്പര സ്നേഹബന്ധം വളർത്തുന്നതിനും ആവശ്യമായ ബോധവൽക്കരണത്തിനും സംശയനിവാരണത്തിനും അവസരങ്ങൾ സൃഷ്ടിക്കുക. (വൈദികർ, സന്യസ്തർ, സംഘടനാ ആനിമേറ്റർമാർ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി, സംഘടനാ ഏകോപനസമിതി)

3) 1 മുതൽ ACC വരെയുള്ള എല്ലാ കുട്ടികളും ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ഓരോ ക്ലാസ്സിലെയും വിശ്വാസപരിശീലകർ അതാത് ക്ലാസ്സിലെ കുട്ടികളുമായും അവരുടെ മാതാപിതാക്കളുമായും വ്യക്തിപരമായ ബന്ധം ഫോൺ വഴി ഉറപ്പുവരുത്തുക. ഇതിന് സഹായകമായ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും ആവശ്യമായ വിശ്വാസപരിശീലന മെറ്റീരിയൽസ് (ഓൺലൈൻ ക്ലാസ്സുകൾ, വീഡിയോകൾ, സന്ദേശങ്ങൾ...) ലഭ്യമാക്കുക. (വിശ്വാസ പരിശീലന യൂണിറ്റ്, വിശ്വാസപരിശീലകർ, വിശ്വാസപരിശീലന പി.ടി.എ.)
4) ഈ കാലഘട്ടത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ്, കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശ്വാസപരിശീലനാർത്ഥികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനും ആത്മീയ-മാനസിക നവീകരണത്തിനും ഉതകുന്ന ഓഡിയോ/വീഡിയോ സന്ദേശങ്ങൾ (3-5 മിനിറ്റ് ദൈർഘ്യമുള്ളത്) മാസത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം വികാരിയച്ചനോ കൊച്ചച്ചനോ ഇടവക/കുടുംബകൂട്ടായ്മ/വിശ്വാസപരിശീലന വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ പങ്കുവെയ്ക്കുക. (വൈദികർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, വിശ്വാസപരിശീലകർ, യുവജന സംഘടനകൾ).
5) ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള സഭാ നിലപാടുകൾ വ്യക്തമാക്കുന്ന ഓഡിയോ/ വീഡിയോ സന്ദേശങ്ങൾ ഇടവക/കുടുംബകൂട്ടായ്മ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ പങ്കുവയ്ക്കുക. ഇതിനായ് മീഡിയ കത്തോലിക്ക യുടെ സഹായം സ്വീകരിക്കാവുന്നതാണ്. അതോടൊപ്പം, വിവിധ മേഖലകളിൽ (ആത്മീയത, ദൈവശാസ്ത്രം, വിശ്വാസ പരിശീലനം, മനശാസ്ത്രം, ലൈംഗികത, സൈബർ ലോകം ) പ്രഗൽഭരായവരുടെ വീഡിയോ/ഓഡിയോ സന്ദേശങ്ങൾ വിവിധ പ്രായക്കാർക്കു വേണ്ടി, അവരുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ പങ്കുവെയ്ക്കുക. (യുവജന സംഘടനകൾ).
6) നേരിട്ടുള്ള സമ്മേളനങ്ങൾ സാധ്യമല്ലാത്തയിടങ്ങളിൽ, കുടുംബകൂട്ടായ്മ, സംഘടനാ-പ്രാർത്ഥനാസമ്മേളനങ്ങൾ വീഡിയോ കോൺഫറൻസുവഴി സംഘടിപ്പിക്കുക. (യുവജനങ്ങൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ)

B) സാമൂഹ്യ-സമ്പർക്ക മേഖല

1) വൈദികരുടെയും സന്യസ്തരുടെയും കുടുംബകൂട്ടായ്മ ഭാരവാഹികളുടെയും മറ്റും നേതൃത്വത്തിൽ എല്ലാ കുടുംബങ്ങളുമായും വ്യക്തികളുമായും ആശയവിനിമയവും സ്നേഹബന്ധവും സ്ഥാപിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക. ആവശ്യമായ ഭവനങ്ങളിൽ നേരിട്ടുള്ള സന്ദർശനത്തിലൂടെയും അല്ലെങ്കിൽ ഫോൺവഴിയും ഇത് സാധ്യ

മാക്കാവുന്നതാണ്. (വൈദികർ, സന്യസ്തർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ, സന്നദ്ധപ്രവർത്തകരുടെ ടീം)

2) ഇടവകയുടെയും കുടുംബകൂട്ടായ്മകളുടെയും സംഘടനകളുടെയും വാട്സ്ആപ്പ് ഗ്രൂപ്പുകളുണ്ടാക്കി, കാലാനുസൃതവും സന്ദർഭോചിതവും അനുയോജ്യവുമായ നിർദ്ദേശങ്ങൾ വൈദികർ അവർക്ക് നല്കുക. അതോടൊപ്പം, ആത്മീയവും മനശാസ്ത്രപരവും മാനസികവുമായ വളർച്ചയ്ക്ക് സഹായകമാകുന്ന സന്ദേശങ്ങളും വീഡിയോകളും സംലഭ്യമാക്കുക. ഇത്തരം ഗ്രൂപ്പുകളിൽ അനാവശ്യമായ സന്ദേശങ്ങളും വീഡിയോകളും ഒഴിവാക്കാൻ അഡ്മിൻമാർ പ്രത്യേകം ശ്രദ്ധിക്കുക. (വൈദികർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ആനിമേറ്റർമാർ)

3) വലിയ കുടുംബകൂട്ടായ്മകളെ ചെറിയ ഗ്രൂപ്പുകളാക്കി ഭാരവാഹികൾ ഓരോ ഗ്രൂപ്പിന്റെ ഉത്തരവാദിത്വം ഏൽക്കുകയും, അവരെ ഭരമേൽപ്പിച്ചിരിക്കുന്ന കുടുംബങ്ങളുടെ സാഹചര്യങ്ങൾ പഠിച്ച് വികാരിയച്ചന് റിപ്പോർട്ട് ചെയ്യുക. ഇതിൻപ്രകാരം വികാരിയച്ചനും ആനിമേറ്റർമാരായ സന്യസ്തരും കുടുംബങ്ങളുടെ ആവശ്യങ്ങളിൽ ക്രിയാത്മകമായി സഹായിക്കുക. (കുടുംബകൂട്ടായ്മ ഭാരവാഹികൾ)

4) ഇടവകയിലെ എല്ലാ യുവജനങ്ങളെയും ഉൾപ്പെടുത്തി ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുക. (യുവജനസംഘടനകൾ)

C) സാമ്പത്തിക-സഹകരണ മേഖല

1)ഇടവകയിലും കുടുംബകൂട്ടായ്മകളിലും കോവിഡുകാല പ്രതിരോധ/പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സന്നദ്ധപ്രവർത്തകരുടെ ഒരു ടീം (18-50 വയസ്സ് പ്രായമുള്ളവരുടെ സന്നദ്ധസേവന സെൽ) രൂപീകരിക്കുകയും ഇടവകയുടെ വിവിധ മേഖലകളിൽ ഉത്തരവാദിത്വം ഏൽപ്പിക്കുകയും ചെയ്യുക. അവർക്ക് ആവശ്യമായ പരിശീലനം പഞ്ചായത്ത് ആരോഗ്യ-സാമൂഹ്യക്ഷേമ വകുപ്പുകളുടെ സഹകരണത്തോടെ നടത്തുക. (കുടുംബകൂട്ടായ്മ ഭാരവാഹികൾ, യുവജന സംഘടനകൾ, SVDP )

2) വിദ്യാർത്ഥികൾക്കും കൃഷികാർക്കും തൊഴിൽ സംരഭകർക്കും തൊഴിൽരഹിതർക്കും, സമൂഹത്തിലെ നാനതുറയിലുള്ളവർക്കും സഹായകമായ പദ്ധതികൾ, സഹായങ്ങൾ ആനുകൂല്യങ്ങൾ ഗവൺമെന്റിൽനിന്ന് സംഘടിപ്പിച്ചുകൊടുക്കാൻ സഹായിക്കുക. അതിനായി അതിരൂപതയിലെ AFC (Archdiocesan Facilitation Centre) യുടെ ഇടവകതല യൂണിറ്റ് PFC (Parish Facilitation Centre) ആരംഭിക്കുക (വൈദികർ, കൈക്കാരൻമാർ, കുടുംബക്കൂട്ടായ്മ, സംഘടനകൾ, പ്രതിനിധിയോഗം)

3) ജൈവകൃഷി, പൂന്തോട്ടം എന്നിവ പരിപാലിക്കുന്നതിനാവശ്യമായ പരിശീലനം നല്കുക. സാമ്പത്തിക അച്ചടക്കം, കൃഷി, തൊഴിൽ മേഖലകൾ, കുടുംബപ്രശ്നങ്ങളും പരിഹാരങ്ങളും തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന വീഡിയോകൾ ഷെയർ ചെയ്യുക. (കത്തോലിക്ക കോൺഗ്രസ്സ്, SVDP, മാതൃവേദി, പിതൃവേദി).

4)ഇടവകയിലെ കുടുംബങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും മറ്റുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക. (കത്തോലിക്ക കോൺഗ്രസ്സ്)

5) യുവജനങ്ങൾക്കായി ആത്മീയ-വ്യക്തിത്വ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക. അതോടൊപ്പം, യുവജനങ്ങളുടെ സേവനം, പ്രത്യേകിച്ചും സന്നദ്ധ-ഓൺലൈൻ മാധ്യമപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഉപയോഗപ്പെടുത്തി, അവരെ ഇടവക പ്രവർത്തനങ്ങളിൽ സജീവരാക്കുക. ഇതിനായി കുടുംബകൂട്ടായ്മകളിലും ഇടവകയിലും ഒരു യൂത്ത് ടീം ഒരുക്കുക. (വൈദികർ, സന്യസ്തർ, യുവജന സംഘടനകൾ).

6) ആത്മീയ-മാനസിക ഉണർവ് പകരാൻ ഉതകുന്ന ഓൺലൈൻ മത്സരങ്ങൾ വിവിധ പ്രായക്കാർക്ക് സംഘടിപ്പിക്കുക. (KCYM, CLC, Jesus Youth)

## III. അതിരൂപതതലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ

A. ആത്മീയ-വിശ്വാസ മേഖല.

1. വിവിധ മാധ്യമങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിശ്വാസജീവിതത്തേയും കൗദാശികജീവിതത്തെയും സമുദായ സ്നേഹത്തേക്കുറിച്ചും ആശയപ്രചരണം, (Catechesis, Appolegetics) പരിശീലനം എന്നിവ നല്കുക. ഉദാ. വീഡിയോകൾ, ലീഫ്ലെറ്റുകൾ, പരിശീലന പരിപാടികൾ. (പാക്ട്. മീഡിയ കത്തോലിക്ക, ഫാമിലി അപ്പസ്തോലേറ്റ്, സംഘടനകൾ)
2. കോവിഡ് പശ്ചാത്തലത്തിൽ, വൈദികരുടെ അജപാലനപരവും ആത്മീയവും മാനസീകവുമായ കഴിവുകളെ വളർത്തുന്നതിനും വെല്ലുവിളികളെ നേരിടുന്നതിനും അവരെ സഹായിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നേരിട്ടോ വെബ് വഴിയോ നടപ്പാക്കുക. (പറോക്ക്).
3. ആത്മീയനവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക. പ്രത്യേകിച്ച്, 2021 ലെ അജപാലന പദ്ധതിയനുസരിച്ച്, കുടുംബപ്രാർത്ഥന, കൗദാശിക ജീവിതം, വചനപഠനം, പ്രവർത്തനാധിഷ്ഠിത ആദ്ധ്യാത്മികത, കുടുംബാചാരങ്ങൾ എന്നിവയുടെ നവീകരണത്തിൽ ശ്രദ്ധിക്കുക. അതിനായുള്ള നിർദ്ദേശങ്ങളും ആഹ്വാനങ്ങളും നല്കുക. (പാക്ട്, അതിരൂപത കാര്യാലയം).

4. Focus group Holy Masses with catechesis പ്രോത്സാഹിപ്പിക്കുക, അതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക.

B. സാമൂഹ്യ-സമ്പർക്ക മേഖല

1. Virtual meetings/in persons meetings നടത്താനുള്ള guidelines പുറത്തിറക്കുക. (അതിരൂപത കുടുംബകൂട്ടായ്മ, സംഘടനകൾ, പ്രസ്ഥാനങ്ങൾ).
2. പാക്ടിന്റെ സമ്മേളനം എല്ലാ ഇടവകകളിലും ആ ഇടവകകളുടെ അജപാലനസാഹചര്യങ്ങളെ വിലയിരുത്താൻ സമ്മേളിക്കുക. അതുമായി ബന്ധപ്പെട്ട പാക്ടിനും ബ. വികാരിയച്ചൻമാർക്കും നല്കുക. (പാക്ട്)
3. കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് Accompaniment, coordination, collaboration എന്നിവയിൽ പരിശീലനം നല്കുക.
4. മനശാസ്ത്രപരമായ സഹായങ്ങൾ കൂടുതൽ decentralise ചെയ്ത് നല്കാനുള്ള പദ്ധതി വേഗത്തിൽ നടപ്പാക്കുക (TIMHANS, FATRI and Chaithanya Councelling Centre)
5. ഇടവകയിലെ അംഗങ്ങളെ ഉൾക്കൊള്ളുന്ന വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ നിർദ്ദേശം നല്കുക. അവയിലൂടെ സഭാവാർത്തകളും വിശ്വാസ വീക്ഷണങ്ങളും കൈമാറുക. വിതരണത്തിനായുള്ള വിഡിയോകൾ, വോയ്സ് ക്ലിപ്പുകൾ, ലഘുലേഖകൾ അതിരൂപതതലത്തിൽ തയ്യാറാക്കി നല്കുക.
6. ഇടവകകളിലെ എല്ലാ വ്യക്തികളുമായും അജപാലബന്ധം പുലർത്താൻ വൈദികരേയും സമർപ്പിതരേയും പ്രോത്സാഹിപ്പിക്കുക.

C. സാമ്പത്തിക-സഹകരണ മേഖല

1. സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ Value added products ന്റെ ഉല്പ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന ഉപവിഭാഗം/ഏജൻസി രൂപീകരിക്കുക. അതിലൂടെ കൃഷിയും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കുക. (സാന്ത്വനം)
2. അതിരൂപതയിൽ ചിലവുചുരുക്കൽ നയം പ്രഖ്യാപിക്കുക – ആഘോഷങ്ങൾക്കും നിർമ്മാണങ്ങൾക്കും. (അതിരൂപത കാര്യാലയം).
3. സാമൂഹ്യക്ഷേമ, പഠനസഹായ പദ്ധതികളും തൊഴിൽ സാധ്യതകളും കുടുംബങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സേവനകേന്ദ്രം (Archdiocesan Facilitation Centre - AFC) ആരംഭിക്കുക. ഫൊറോന-ഇടവക തലങ്ങളിലുള്ള ഇത്തരം പ്രവർത്തനങ്ങളെ സഹായിക്കുക (കുടുംബ കൂട്ടായ്മ, കത്തോലിക്കാ കോൺഗ്രസ്, KCYM, CLC, മാതൃവേദി, KLM)

1789/2020 / 17.10.2020 C -12

# സർക്കുലർ

## 18 ഒക്ടോബർ 2020
## മിഷൻ ഞായർ

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത



മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സലമക്കളേ,

ജപമാല–പ്രേഷിതമാസമായ ഒക്ടോബറിലെ മൂന്നാമത്തെ ഞായറാഴ്ച (ഈ വർഷം 18–ാം തീയതി) മിഷൻ ഞായറായി നാം ആചരിക്കുകയാണ്. ഈശോ നമുക്ക് നൽകിയ ഏറ്റവും വലിയ പ്രേഷിത ദൗത്യത്തെക്കുറിച്ച് ധ്യാനിക്കുവാനും കാലഘട്ടത്തിനനുസരിച്ച് കർമ്മപദ്ധതികൾ പ്രാവർത്തികമാക്കാനുമുള്ള അവസരമാണിത്. ഫ്രാൻസിസ് മാർപാപ്പാ 2020ലെ മിഷൻ ഞായറിന് നൽകിയ സന്ദേശം ഇതോടൊപ്പം അയക്കുന്നു. കോവിഡ്–19 കാലഘട്ടത്തിൽ മാർപാപ്പ നൽകിയ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുവാൻ താല്പര്യപ്പെടുന്നു.

മാർപാപ്പ സൂചിപ്പിക്കുന്നതുപോലെ ഈശോമിശിഹായാണ് ദൈവപിതാവിന്റെ

മിഷനറി. ഈശോയെപ്പോലെ ദൈവസ്നേഹത്താൽ നിറഞ്ഞ് (യോഹ. 3:16. ഫിലി. 2:1–11) ഈ ലോകത്തിൽ ഉത്തമ മിഷനറിമാരാകാൻ നാം ദൈവത്തോടുകൂടെ ആയിരിക്കുകയും ദൈവത്താൽ അയക്കപ്പെടുകയും വേണം (യോഹ. 20:21). മറ്റു വാക്കുകളിൽ, ശിഷ്യരും ശ്ലീഹൻമാരും ആകാനാണ് ഈശോ നമ്മോട് ആവശ്യപ്പെടുന്നത്. കഴിഞ്ഞവർഷത്തെ അസാധാരണ മിഷൻ മാസത്തിൽ മാർപാപ്പ നൽകിയ സന്ദേശത്തിൽ പറഞ്ഞതുപോലെ നമ്മളെല്ലാവരും 'സ്നാനപ്പെട്ട് അയക്കപ്പെട്ടവരാണ്'. ഈശോ നമ്മോട് ആവശ്യപ്പെടുന്നത് പരിശുദ്ധാത്മാവിൽനിന്ന് ശക്തി സ്വീകരിച്ച് ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷ്യം നൽകാനും (അപ്പ. പ്രവ. 1:8) ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കാനും വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്താനും ആണ് (മത്താ. 28:19–20, മർക്കോ. 16:15–16). ഈ ദൗത്യം ഓരോ ക്രൈസ്തവനും തന്റെ ജീവിതാവസ്ഥക്ക് അനുയോജ്യമായ രീതിയിൽ നിർവഹിക്കണം. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ 'ഓരോരുത്തരും തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച്' മിഷനറിയാകണം (1 കൊറി. 7:17). ആധുനിക സാഹചര്യത്തിൽ അത്മായർക്ക് ഈ പ്രേഷിതദൗത്യം നിർവഹിക്കാൻ കൂടുതൽ സാധ്യതകളുണ്ട്.

2020ലെ മിഷൻ ഞായർ സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ ദൈവവചനമായി തിരഞ്ഞെടുത്തിരിക്കുന്നത് ദൈവികനിയോഗ നിർവഹണത്തിന് "ഇതാ ഞാൻ, എന്നെ അയച്ചാലും" എന്നു പറയുന്ന ഏശയ്യാ പ്രവാചകന്റെ വാക്കുകളാണ് (ഏശാ. 6:8). പരിഭ്രാന്തരും നിസ്സഹായരുമായ ജനത്തിന്റെ (മത്താ. 9:36, മർക്കോ. 4:35–38) ഇടയിലേക്ക് ആരെ അയക്കണം എന്ന ചോദ്യത്തിന് നാം ഒരോരുത്തരും "ഇതാ ഞാൻ, എന്നെ അയച്ചാലും" എന്നു പറയണം. "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38) എന്ന് പരി. അമ്മ പറഞ്ഞത് ഈ പ്രത്യുത്തരമായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ വിളവ് അധികവും വേലക്കാർ ചുരുക്കവുമാണ് (മത്താ. 9:38, ലൂക്കാ 10:2). അതിനാൽ വിളവിന്റെ നാഥനോട് ധാരാളം വേലക്കാർ ഉണ്ടാകുവാൻ ശക്തമായി പരിശുദ്ധാത്മ ഇടപെടലിനായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ത്രിവിധ ദൗത്യങ്ങൾക്കാണ് നാം അയക്കപ്പെടുന്നത്. സുവിശേഷപ്രഘോഷണമാണ് ഇതിൽ ഒന്നാമത്തേത്. പൗലോസ്ശ്ലീഹാ പറയുന്നു "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" (1 കോറി.9:16). അനുദിന ജീവിതത്തിലെ കുരിശെടുത്ത്, ബലിജീവിതം നയിച്ച്, രോഗികളെ

സുഖപ്പെടുത്തുകയും തിന്മകളെ/പിശാചുക്കളെ ബഹിഷ്കരിക്കുകയും പാപികളെ മാനസാന്തരപ്പെടുത്തുകയും ജീവിതനവീകരണം വരുത്തുകയും ചെയ്യുന്ന വിശുദ്ധീകരണദൗത്യമാണ് രണ്ടാമത്തേത്. നല്ല ഇടയനെപ്പോലെ ജനത്തെ പിതാവിന്റെ ഭവനത്തിലേക്ക് നയിക്കുന്ന ഇടയദൗത്യമാണ് മൂന്നാമത്തേത്. ഈ പ്രേഷിതദൗത്യത്തിൽ പങ്കുചേരുന്നത് പ്രാർത്ഥനകൊണ്ടും തങ്ങളുടെതായ ജീവിതസാഹചര്യങ്ങളിൽ മിഷനറിദൗത്യം നിർവഹിച്ചുകൊണ്ടും ജീവിതം മുഴുവൻ തങ്ങളെതന്നെ സമർപ്പിക്കുന്ന മിഷണറിമാരായികൊണ്ടും മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായും മറ്റും സഹായിച്ചുകൊണ്ടുമാണ്. അപ്പസ്തോലന്മാരെ പ്രേഷിതദൗത്യത്തിനായി അയച്ചപ്പോൾ ഈശോ പറഞ്ഞത് "വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണ്" എന്നാണ് (ലൂക്കാ 10:7, മത്താ. 10:10). അതിനാൽ ഇങ്ങനെയുള്ള ശുശ്രൂഷകരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

മേൽ സൂചിപ്പിച്ച പ്രേഷിതദൗത്യ നിർവഹണവുമായി ബന്ധപ്പെട്ട് നമ്മുടെ അതിരൂപതയിൽ പൊതുവായി 3 കവർ പിരിവുകളാണ് നടത്തിവരാറുള്ളത്. 1. പെസഹ വ്യാഴാഴ്ചയിലെ വൈദിക പരിശീലനത്തിനുള്ള പിരിവ് 2. ഒക്ടോബർ മാസത്തിലെ മിഷൻ ഞായർ പിരിവ് 3. ഡിസംബർ മാസത്തിലെ കാരുണ്യനിധി പിരിവ്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ഈ മൂന്ന് പിരിവുകളും നടത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മേരിമാതാ മേജർ സെമിനാരി, മഡോണ മൈനർ സെമിനാരി, ഗുരുകുലം സെമിനാരി, മറ്റ് സെമിനാരികളിലും ഡിഗ്രി കോഴ്സുകളിലുമുള്ള വൈദികാർത്ഥികളുടെ പഠനം തുടങ്ങിയവയ്ക്കുള്ള ചിലവിന്റെ പ്രധാനമായ സാമ്പത്തിക സ്രോതസ്സാണ് പെസഹാവ്യാഴം പിരിവ്. മിഷൻ ഞായർ പിരിവിൽ നിന്നാണ് സാർവത്രിക സഭയുടെയും, സീറോ മലബാർ സഭയുടെയും, നമ്മുടെ അതിരൂപതയുടെയും (മിഷൻ പ്രദേശങ്ങളിൽ ഉള്ള നമ്മുടെ അതിരൂപതാവൈദികർക്ക് വരുന്ന ചിലവുകൾ അടക്കം) വിഹിതങ്ങൾ നൽകുന്നത്. കാരുണ്യനിധി ഫണ്ടിൽ നിന്നാണ് അതിരൂപത നിശ്ചയിക്കുന്ന പ്രത്യേക നിയോഗങ്ങൾക്കും പാവപ്പെട്ടവരുടെ ഉന്നമനത്തിനും വേണ്ടിയുള്ള സംഖ്യ ചിലവഴിക്കുന്നത്. എന്നാൽ ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഈ 3 കവർ പിരിവുകളുടെ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഒരു കവർ പിരിവ് മാത്രം നടത്താൻ ഉദ്ദേശിക്കുന്നു. അധികം താമസിയാതെ ഇതിനുവേണ്ടിയുള്ള കവറുകൾ (പ്രത്യേകിച്ച് മിഷന്റെ പേരിൽ) എല്ലാ കുടുംബങ്ങൾക്കുമായി ഇടവകകളിൽ എത്തിക്കുന്നതാണ്. ഡിസംബർ 31ന് മുൻപ് ഈ കവറുകൾ ഇടവകതലത്തിലും സമർപ്പിതസമൂഹതലത്തിലും ശേഖരിച്ച്

സംഖ്യ അതിരൂപത കാര്യാലയത്തിൽ ഏൽപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

യേശു ശിരസ്സും നമ്മൾ അവയവങ്ങളുമായ സഭയാണ് നമ്മുടേത്. ഒരു അവയവത്തിന് വേദനിക്കുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ രോഗത്തിന് അടിമപ്പെട്ടും, ജോലി നഷ്ടപ്പെട്ടും, സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാതെയും വിഷമിക്കുന്ന വളരെയധികം പേർ നമ്മുടെ ഇടയിൽ ഉണ്ടെന്നറിയാം. സാധിക്കുന്ന തരത്തിൽ അവരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തര വാദിത്വമാണ്. നമ്മുടെ അതിരൂപതയിലെ ഇടവകകളും, സമർപ്പിതരും, സ്ഥാപനങ്ങളും, സംഘടനകളും, കുടുംബകൂട്ടായ്മകളും, അതിരൂപത സാമുഹ്യക്ഷേമവിഭാഗമായ സാന്ത്വനവും മറ്റും ഈ കോവിഡ് കാലത്ത് പാവപ്പെട്ടവർക്കും, കോവിഡ് ബാധിതർക്കും വേണ്ടി ജാതിമതഭേതമന്യേ വലിയ സേവനം ചെയ്യുന്നു എന്നറിയുന്നതിൽ ഞാൻ സന്തോഷിക്കു കയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രത്യേകിച്ച് കോവിഡ് രോഗികളെ പരിചരിക്കുന്നവരെയും കോവിഡ് മൂലം മരണപ്പെട്ടവരുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് സേവനം ചെയ്യുന്നുവരേയും വലിയ നന്ദിയോടെ ഇത്തരണത്തിൽ അനുസ്മരിക്കുന്നു. അതിരൂപതയുടെ പൊതുവായ ആവശ്യങ്ങൾ മനസ്സിലാക്കി മുകളിൽ സൂചിപ്പിച്ച കവർ പിരിവിൽ ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രേഷിതതാരവും ജപമാലരാജ്ഞിയുമായ പരി. അമ്മയുടെ മധ്യസ്ഥത തേടി കോവിഡ് മഹാമാരിയിൽ നിന്ന് ലോകത്തെ രക്ഷിക്കാ നായി നമുക്ക് പ്രാർത്ഥിക്കാം. സഭയുടെ പ്രേഷിതദൗത്യവിജയത്തിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശുവിൽ സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 18/10/2020 ഞായറാഴ്ച പള്ളികളിൽ വായിക്കു കയും സന്ദേശം ഓൺലൈൻ വഴി ഇടവക ജനങ്ങളിലേക്ക് എത്തിക്കു കയും വേണം. +AT

**(മിഷൻ ഞായർ വായനകൾ: (1) ഏശാ. 6:1–8; (2) 1 കൊറി. 9:13–18; (3) മത്താ. 10:1–15 or ലൂക്കാ 10:1–12.)**

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

നവംബർ 2020

| | |
|---|---|
| 1 | : **പള്ളിക്കൂദാശ ഒന്നാം ഞായർ**<br>സകല വിശുദ്ധരുടെയും തിരുനാൾ |
| 2 | : സകല മരിച്ചവരുടെയും ഓർമ്മ |
| 5 | : വി. സഖറിയാസും വി. ഏലീശ്വായും |
| 6 | : ആദ്യവെള്ളി |
| 8 | : **പള്ളിക്കൂദാശ രണ്ടാം ഞായർ** |
| 15 | : **പള്ളിക്കൂദാശ മൂന്നാം ഞായർ** |
| 22 | : **പള്ളിക്കൂദാശ നാലാം ഞായർ**<br>മിശിഹായുടെ രാജത്വ തിരുനാൾ |
| 29 | : **മംഗളവാർത്ത ഒന്നാം ഞായർ** |
| 30 | : അന്ത്രയോസ് ശ്ലീഹ<br>ഇന്ന് പാതിരാമുതൽ പിറവിതിരുനാൾ വരെ<br>വിവാഹാഘോഷം മുടക്ക് |

**2. പള്ളിക്കൂദാശകാലം:**

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജറുസലെമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാലഘട്ടമാണിത്.

മിശിഹായുടെ മനുഷ്യാവതാരരഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസ്സഭയുടെ

സ്വർഗ്ഗീയ മഹത്വരഹസ്യത്തിൽ പൂർത്തിയാകും വിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

3. **നാമഹേതുക തിരുനാൾ:**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

4. **മെത്രാഭിഷേക വാർഷികം :**

നവംബർ 18നു മെത്രാഭിഷേകവാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം.

5. **25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

6. **അഭിനന്ദനങ്ങൾ:**

റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിലെ ജോൺ പോൾ II ഇൻസ്റ്റിട്ടൂടിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. ഷാന്റോ തലക്കോട്ടൂർ, ബൽജിയത്തിലെ ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ലൈസൻഷിയേറ്റ് നേടിയ ഫാ. ജെറിൻ അരിമ്പൂർ എന്നിവർക്ക് അതിരൂപത കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

7. **വൈദികരുടെ നിയമനം:**

| | | |
|---|---|---|
| 1. | ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | – പഠനാവധി; സഹവികാരി പേരാമംഗലം ഒഴിവായി; സാധുത 2020 സെപ്തംബർ 11 മുതൽ. |
| 2. | ഫാ. സനോജ് അറങ്ങാശ്ശേരി | – കുമ്പളങ്ങാട് സഹായി കൂടി; സാധുത 2020 സെപ്തംബർ 15 മുതൽ നവംബർ 1 വരെ. |
| 3. | ഫാ. ആന്റോ പാണേങ്ങാടൻ | – അവധി; വികാരി ചോറ്റുപാറ |

ഒഴിവായി; സാധുത 2020 സെപ്തംബർ 22 മുതൽ.

4. ഫാ. ജോയ് കിടങ്ങൻ – വികാരി ചോറ്റുപാറ; സാധുത 2020 സെപ്തംബർ 22 മുതൽ.

5. ഫാ. മനോജ് കീഴൂരുമുട്ടിക്കൽ – പ്രോഗ്രാം കോർഡിനേറ്റർ പറോക് ഒഴിവായി; സാധുത 2020 സെപ്തംബർ 28 മുതൽ.

6. ഫാ. സാജൻ പിണ്ടിയാൻ – പ്രോഗ്രാം കോർഡിനേറ്റർ പറോക് കൂടി; സാധുത 2020 സെപ്തംബർ 28 മുതൽ.

7. Fr. Linto Thattil - Request to leave priesthood is granted and suspended from all priestly and pastoral life and ministry w.e.f. 16th September 2020 by the Order of Archbishop of Trichur (Order No. 1573/2020 dated 16th Sept. 2020).

8. ഫാ. ആന്റണി തോട്ടാൻ – എം. എം. ബി. മിഷൻ ഹോമിലെ സേവനത്തിൽ നിന്നും ഒഴിവായി; സാധുത 2020 സെപ്തംബർ 28 മുതൽ.

9. ഫാ. ജോസ് ഐനിക്കൽ – എം. എം. ബി. മിഷൻ ഹോമിലെ സേവനം; അരണാട്ടുകരയിലെ സേവനത്തിൽ നിന്നും ഒഴിവായി; സാധുത 2020 സെപ്തംബർ 28 മുതൽ.

**8. പ്രത്യേക നിയമനം:**

1. ഹെൽത്ത് കെയർ സൊസൈറ്റി, നോമിനേറ്റഡ് ബോർഡ് അംഗങ്ങൾ

ഫാ. പോൾ പേരാമംഗലത്ത്

ശ്രീ. എം. കെ. ജോണി

ശ്രീ. സി. ജെ. മാത്യു

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്



# നാളാഗമം

## സെപ്റ്റംബർ 2020

1. അഭിവന്ദ്യ പിതാക്കന്മാർ ഫൊറോനവികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു.
2. അഭിവന്ദ്യ ടോണി പിതാവ് ഒ.എസ്.എഫ്. സന്യാസിനീസമൂഹത്തിലെ സിസ്റ്റേഴ്സിന്റെ നിത്യവ്രത കർമ്മങ്ങൾക്ക് മുഖ്യകാർമ്മികനായി.
3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപത യൂട്യൂബ് ചാനൽ മീഡിയ കത്തോലിക്കയുടെ മീറ്റിങ്ങിൽ പങ്കെടുത്തു.
5. അഭിവന്ദ്യ ടോണി പിതാവ് പഴുവിൽ ഇടവകയിൽ ആദ്യകുർബാന സ്വീകരണ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികനായി.
6. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ ഇടവക ഇടവക നിർമ്മിച്ച് നൽകിയ ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമ്മം പള്ളിക്കുന്ന് ഇടവക യിൽ നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് പൂച്ചിന്നിപ്പാടം ഇടവകയിൽ വി. ബലിയർപ്പിച്ചു.
7. അഭിവന്ദ്യ ടോണി പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ അനുസ്മരണാർത്ഥം വി. ബലിയർപ്പിച്ചു.

8. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.
9. അഭിവന്ദ്യ താഴത്ത് പിതാവ് ചെറൂർ നെസ്റ്റ് ഡിഅഡിക്ഷൻ സെന്ററിൽ വി.ബലി അർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് താന്ന്യം ഇടവകയിൽ വി. ബലിയർപ്പിച്ചു.
10. അഭിവന്ദ്യ താഴത്ത് പിതാവ് ഫാ. ജോയ് ഫ്രാൻസിസ് എടക്കത്തൂർ അച്ചൻ രചിച്ച പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് പുറനാട്ടുകര ഇടവകയിൽ ആദ്യ കുർബാന സ്വീകരണ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികനായി.
12. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് പറോക്കിന്റെ നേതൃത്വത്തിൽ നടന്ന സാമൂഹ്യ വിദഗ്ധരുടെ വെബിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പഴുവിൽ ഇടവകയിൽ ആദ്യകുർബാന സ്വീകരണ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികനായി.
13. അഭിവന്ദ്യപിതാക്കന്മാർ സംഘടനാ ഏകോപനസമിതി ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. സി. എൽ. സി. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ വി. ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി അഭിവന്ദ്യപിതാക്കന്മാർ പ്രകാശനം ചെയ്യുകയും ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡിന് അർഹമായ മണ്ണുത്തി ഇടവകാംഗമായ അഞ്ജലി ജോസഫിനെ അഭിവന്ദ്യപിതാക്കന്മാർ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.
14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഗുരുവായൂർ എൽ. എഫ്. കോൺവെന്റിൽ സി. അഗ്രികോളയുടെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കൊളേജ് ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് സ്നേഹപുരം ഇടവകയിൽ ഏഴാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.
16. അഭിവന്ദ്യ പിതാക്കന്മാർ അതിരൂപതാ ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു.
17. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ അർബൻ കോപ്പററ്റീവ് ബാങ്കിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.
18. പറോക് ഇന്റർനാഷണൽ വെബിനാറിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.
19. അഭിവന്ദ്യ താഴത്ത് പിതാവ് പാരിഷ് ഹെൽപ്പ് ഡെസ്ക്കിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

20. അഭിവന്ദ്യപിതാക്കന്മാർ വൈദിക വാർഷികധ്യാനത്തിൽ സംബന്ധിച്ചു.
21. അഭിവന്ദ്യ ടോണി പിതാവ് ചെമ്പുക്കാവ് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.
24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപത ഐ.ടി. സെലിന്റെ മിറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഇന്റർ ചർച്ച് കൗൺസിലിന്റെ വെബിനാറിൽ പങ്കെടുത്തു.
28. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

"എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല."

1 കോറിന്തോസ് 2 : 9





## നാമകരണനടപടികൾ

### ദൈവദാസൻ
# ആന്റണി തച്ചുപറമ്പിലച്ചൻ

നമ്മിൽനിന്ന് വേർപിരിഞ്ഞ വിശ്വാസികളെ നവംബർ മാസത്തിൽ നാം ഓർക്കാറുണ്ടല്ലോ. ബ. അന്തോണിയച്ചന്റെ ധ്യാനപ്രസംഗങ്ങളിൽ മനുഷ്യന്റെ മരണവും അന്ത്യവും സുപ്രധാന വിഷയങ്ങളായിരുന്നു. മരണത്തെപ്പറ്റി കൂടെക്കൂടെയുള്ള വിചാരമാണ് യഥാർത്ഥ തത്വജ്ഞാനമെന്ന റോമൻ ചിന്തകൻ സെനെക്കായുടെ വരികൾ അച്ചൻ ഉദ്ധരിക്കുന്നു. മരണത്തെപ്പറ്റി ഓർക്കുന്നതിന്റെ നല്ല വശങ്ങൾ പ്രകൃത്യാലുള്ള ജ്ഞാനത്തിൽ തന്നെ വിജാതീയ ചിന്തകർക്കറിയാമായിരുന്നു. മനോഹരമായ കബറിടങ്ങൾ മരണത്തിന്റെ ഓർമ്മ നമ്മിലുളവാക്കുന്നു. തങ്ങളും മർത്യരാണെന്ന് ഓർമ്മിക്കാൻ പൂർവ്വികരുടെ ചിതാഭസ്മം വിജാതീയർ സൂക്ഷിച്ചിരുന്നു. അഹങ്കരിക്കാതിരിക്കാനും മതിമറന്ന് ആഹ്ലാദിക്കാതിരിക്കാനും മർത്യതയുടെ ചില അടയാളങ്ങൾ റോമാക്കാർ തങ്ങളുടെ വിജയങ്ങളിലും ഗ്രീക്കുകാർ തങ്ങളുടെ ചക്രവർത്തിമാരുടെ കിരീടധാരണത്തിലും ഈജിപ്തുകാർ തങ്ങളുടെ പൊതു ആഘോഷങ്ങളിലും സൂക്ഷിച്ചിരുന്നു. തങ്ങളുടെ വിലപിടിച്ച ഫർണിച്ചർ സാമഗ്രികളിൽ മരണത്തിന്റെ ഒരടയാളം ചില ക്രൈസ്തവ രാജാക്കന്മാർ പതിച്ചിരുന്നു. “മരണത്തെ ഓർക്കുക” എന്ന് പറഞ്ഞ് എല്ലാ ദിവസവും അന്ത്യത്തെ ഓർമ്മിപ്പിക്കാൻ ഭൃത്യന്മാരോട് അവർ നിർദ്ദേശം നൽകിയിരുന്നു.

1936 വരെ മാർപ്പാപ്പയുടെ സ്ഥാനാരോഹണവേളയിൽ റോമിൽ നിലവിലിരുന്ന ഒരു കർമ്മം അന്തോണിയച്ചൻ സൂചിപ്പിക്കുന്നുണ്ട്. പാപ്പായുടെ സ്ഥാനാരോഹണത്തിനുള്ള പ്രദക്ഷിണത്തിൽ കത്തിക്കൊണ്ടിരിക്കുന്ന ഒരു കമ്പിളിക്കഷണം പിടിപ്പിച്ച ഒരു വെള്ളി ദണ്ഡുമായി മാസ്റ്റർ

ഓഫ് സെറിമണീസ് പാപ്പയുടെ മുമ്പിൽ മുട്ടുകുത്തി മൂന്നു പ്രാവശ്യം വിളിച്ചു പറയും: "പരിശുദ്ധ പിതാവേ, ലോകത്തിന്റെ മഹത്വം ഇപ്ര കാരം കടന്നു പോകുന്നു".

പാപിക്ക് മരണം ഭയാനകമാണ്. എന്നാൽ വിശുദ്ധരെ സംബന്ധിച്ച് മരണം പ്രതീക്ഷയുടെ നിദാനമാണ്. നല്ല മരണത്തിന്റെ മാതൃക നമ്മുടെ കർത്താവാണ്. ജീവിച്ചിരിക്കുമ്പോൾ എപ്പോഴും മരണം അവിടുത്തെ കൺമുമ്പിലുണ്ടായിരുന്നു എന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു. ലൂക്കാ 21, സഭാപ്രസംഗകൻ 12 എന്നിവ മരണത്തെപ്പറ്റിയുള്ള പ്രത്യേക വായനക ളായി അച്ചൻ നിർദ്ദേശിക്കുന്നു.



"നാം സ്വീകരിച്ചിരിക്കുന്നത് ലോകത്തിൻെറ ആത്മാവിനെയല്ല; പ്രത്യുത, ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻ വേണ്ടി ദൈവത്തിൻെറ ആത്മാവിനെയാണ്."

1 കോറിന്തോസ് 2 : 12



## നാമകരണനടപടികൾ

## ധന്യൻ
## അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

ക്രിസ്തുകേന്ദ്രീകൃതവും വചനാധിഷ്ഠിതവുമായ പ്രാർത്ഥനയാണ് ജപമാല. പ്രതിസന്ധികളെ നേരിടാനുള്ള ഏറ്റവും നല്ല ആയുധവും ജപമാല തന്നെ! പ്രകൃതിദുരന്തങ്ങളിലും തിരുസഭയുടെ എല്ലാ ആവശ്യങ്ങളിലും മാനവകുലത്തിന്റ ദുഖദുരിതങ്ങളിലും ദിവ്യകാരുണ്യസന്നിധിയിൽ തപസ്സിരിക്കുകയും ജപമാല ധാരാളമായി ചൊല്ലി പരിഹാരം കണ്ടെത്തണമെന്ന് പ്രബോധിപ്പിക്കുയും ചെയ്ത മരിയഭക്തനായിരുന്നു ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. അദ്ദേഹത്തിന്റെ 64–ാം ചരമവാർഷികത്തിനൊരുക്കമായ ഭക്തിനിർഭരമായ തിരുക്കർമ്മങ്ങൾ ഒക്ടോബർ 1 മുതൽ 13 വരെ ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്ക ദേവാലയത്തിൽ വച്ച് ആചരിച്ചു. ശ്രാദ്ധാചരണദിനമായ ഒക്ടോബർ–13 ലെ ആഘോഷമായ ദിവ്യബലിയ്ക്ക് കാർമ്മികത്വം വഹിച്ചത് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവായിരുന്നു.

കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റേയും സഭാധികാരികളുടേയും നിർദ്ദേശങ്ങൾ പാലിച്ച് അതതു സ്ഥലങ്ങളിലായിരുന്ന് ഷെക്കെയ്ന ചാനലിലൂടെയും മീഡിയ കത്തോലിക്കയിലൂടെയും പ്രക്ഷേപണം ചെയ്ത തിരുക്കർമ്മങ്ങളിലാണ് വിശ്വാസികൾ അധികം പേരും പങ്കടുത്തത്.

പ്രതിസന്ധികളെ ദൈവത്തോട് ചേർന്നുനിൽക്കുവാനുള്ള അവസരങ്ങളായിക്കണ്ട്, അവയെ തരണം ചെയ്യുന്നതിന് പരി. അമ്മയുടെ സഹായം തേടിയ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാതൃകയും മാധ്യസ്ഥ്യവും ഈ അസാധാരണ കാലഘട്ടത്തിൽ നമുക്ക് തേടാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

1. **പാലയൂർ തീർത്ഥകേന്ദ്രത്തിന് പുതിയ വെബ്സൈറ്റ്**
   പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിന്റെ പുതിയ വെബ്സൈറ്റ് പ്രകാശനം ചെയ്തു. തീർത്ഥകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ആർച്ച് പ്രീസ്റ്റ് വെരി റവ ഫാദർ വർഗീസ് കരിപ്പേരിയാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്. www.palayoorstthomasshrine.com എന്ന വെബ്സെറ്റിൽ തീർത്ഥ കേന്ദ്രത്തെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. സഹവികാരി ഫാ. അനു ചാലിൽ, തീർത്ഥകേന്ദ്രം സെക്രട്ടറി സി.കെ. ജോസ്, നടത്തു കൈക്കാരൻ പീയൂസ് ചിറ്റിലപ്പിള്ളി, പ്രതിനിധി യോഗം സെക്രട്ടറി ജോയ് ചിറമ്മൽ തുടങ്ങിയവർ ചടങ്ങിൽ പങ്കടുത്തു.




2. **മാർ തോമാ ചൊവ്വാഴ്ചയാചരണം**
   തീർത്ഥകേന്ദ്രത്തിൽ നിന്ന് ഫാ. സിന്റോ പൊന്തേക്കൻ നയിക്കുന്ന ചൊവ്വാഴ്ചയാചരണം ചൊവ്വാഴ്ചകളിൽ രാവിലെ 10.30 മുതൽ 12 വരെ പാലയൂർ മഹാ ശ്ലീഹാ യൂടൂബ് ചാനലിൽ തത്സമയ സംപ്രേഷണം ചെയ്തു വരുന്നു.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
ആർച്ച് പ്രീസ്റ്റ്

**സി.കെ. ജോസ്**
പി.ആർ.ഒ.



# ആദരാഞ്ജലികൾ



## റവ. ഫാ. തോബിയാസ് ചാലയ്ക്കൽ (74)

സംഗീതത്തിന്റെ വഴിത്താരയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന തൃശൂർ അതിരൂപതയിലെ വൈദികനായ ഫാ. തോബിയാസ് ചാലയ്ക്കൽ 2020 ഒക്ടോബർ 28ന് രാത്രി 10.45ന് അന്തരിച്ചു.

തൃശ്ശൂർ അതിരൂപതയിലെ കണ്ടശ്ശാംകടവ് ഇടവകയിലെ ചാലയ്ക്കൽ പരേതരായ പീറ്റർ – മറിയം ദമ്പതികളുടെ മകനായി 1946 ഏപ്രിൽ 17 ന് ബഹു. തോബിയാസച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1973 ഡിസംബർ 18ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അജപാലന ഔത്സുക്യത്തോടെ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ

നേടുവാനുള്ള ഉൾവിളിയുമായി ചാലക്കുടി, ഇരിങ്ങാലക്കുട കത്തീഡ്രൽ എന്നീ ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം കൊടുങ്ങ, അമ്പനോളി, നിർമലപുരം, വൈലത്തൂർ, അഞ്ഞൂർ, പുതുരുത്തി, ആറ്റത്തറ, പീച്ചി, എരുമപ്പെട്ടി, കടങ്ങോട്, പറവട്ടാനി, ഒളരിക്കര, പുല്ലഴി, ഏനാമാവ്, ചെങ്ങാലൂർ, സ്നേഹപുരം, അരിമ്പൂർ, പുത്തൻപീടിക, പഴയങ്ങാടി, കുട്ടംകുളം, പാറന്നൂർ എന്നിവിടങ്ങളിൽ വികാരിയായും പട്ടിക്കാട്, വേലൂർ, വടക്കാഞ്ചേരി എന്നിവിടങ്ങളിൽ ഫൊറോന വികാരിയായും സേവനം ചെയ്തു. രണ്ടു വർഷം കല്യാൺ രൂപതയിലും തന്റെ അജപാലന ശുശ്രൂഷ നിർവഹിച്ചു. 2018 ഫെബ്രുവരി 7 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

ഭക്തിഗാന രചയിതാവും സംഗീത സംവിധായകനുമായ തോബിയാസച്ചൻ സംഗീതത്തിലും തബല, ഗിറ്റാർ, വയലിൻ എന്നീ സംഗീതോപകരണങ്ങളിലും പ്രാവീണ്യം നേടിയിട്ടുണ്ട്. *ബലവാനായ ദൈവമേ പരിശുദ്ധൻ* എന്ന ഹിറ്റ് ഭക്തിഗാനം ഉൾപ്പെടെ മുന്നൂറോളം ക്രൈസ്തവ ഭക്തിഗാനങ്ങൾ രചിച്ച ഇദ്ദേഹം കലാസദൻ സംഗീതവിഭാഗം കൺവീനറായിരുന്നു. ചിത്രാരചന രംഗത്തും അച്ചൻ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. വേലൂർ, വെളുത്തൂർ, പുല്ലഴി എന്നീ ദേവാലയങ്ങളുടെ നിർമ്മിതിക്ക് നേതൃത്വം കൊടുത്ത് തോബിയാസച്ചനായിരുന്നു.

മൃതദേഹം ഒക്ടോബർ 29 വ്യാഴം രാവിലെ 6.30 മുതൽ 10.00 വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ പൊതുദർശനത്തിനു വെച്ചു. അതിനുശേഷം വടക്കേ കാരമുക്കിലെ സഹോദരൻ ജോസിന്റെ വസതിയിൽ കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് 1.00 മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ വീട്ടിൽ നിന്ന് ആരംഭിച്ചു. തുടർന്ന് കണ്ടശ്ശാംകടവ് പള്ളിയിലേക്ക് മൃതദേഹം കൊണ്ടുപോകുകയും മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് മാർ ജെയ്ക്കബ് തുങ്കുഴി പിതാവ് കാർമ്മികത്വം വഹിക്കുകയും ചെയ്തു. മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാംഭാഗമായ വി. ബലിക്കും തിരുക്കർമ്മങ്ങൾക്കും അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മുഖ്യ കാർമികത്വം വഹിച്ചു.

**കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ അഹോരാത്രം അധ്വാനിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചാലയ്ക്കൽ ബഹു. തോബിയാസച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**



# BIRTHday FEASTday DEATH memories

## വൈദികർ

### ജന്മദിനങ്ങൾ

ഫാ. അനീഷ് കൂത്തൂർ 02
ഫാ. മനോജ് താണിക്കൽ 03
ഫാ. ജെയ്സൻ വടക്കേത്തല 03
ഫാ. ജാക്സൻ ചാലക്കൽ 04
ഫാ. ചെറിയാൻ പാറക്കൽ 04
ഫാ. അൽജോ കരേരക്കാട്ടിൽ 05
ഫാ. ജോർജ്ജ് കോമ്പാറ 08
ഫാ. ജോർജ്ജ് എടക്കുളത്തൂർ 11
ഫാ. സോണി കിഴക്കൂടൻ 12
ഫാ. ജോസ് തത്രത്തിൽ 12
ഫാ. സനൽ മാളിയേക്കൽ 14
ഫാ. റോയ് വേളക്കൊമ്പിൽ 14

ഫാ. റോജോ എലുവത്തിങ്കൽ 15
ഫാ. സനോജ് അറങ്ങാശ്ശേരി 18
ഫാ. ലിജോ ചാലിശ്ശേരി 18
ഫാ. സെബി കവലക്കാട്ട് 20
ഫാ. ഗ്രിജോ മുരിങ്ങാത്തേരി 20
ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ 20
മോൺ. ജോസഫ് കാക്കശ്ശേരി 22
ഫാ. ജസ്റ്റിൻ കൈതാരത്ത് 23
ഫാ. ജോർജ്ജ് തേർമഠം 23
ഫാ. ഫ്രാങ്കോ കവലക്കാട്ട് 25
ഫാ. ടിങ്കിൾ വാഴപ്പിള്ളി 25
ഫാ. ജോസ് ഐനിക്കൽ 28

### നാമഹേതുകതിരുനാൾ

ഫാ. മാർട്ടിൻ കൊളമ്പ്രത്ത് 03
ഫാ. ക്ലമന്റ് വാഴപറമ്പിൽ 23
ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് 30

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോർജ്ജ്പുളിക്കൻ | 14.11.1854 |
| ഫാ. വറീത് കടവി | 04.11.1890 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09.11.1893 |
| ഫാ. ആന്റണി മഞ്ഞളി | 09.11.1895 |
| ഫാ. തോമസ് തെക്കേക്കര | 17.11.1895 |
| ഫാ. പോൾ ആലപ്പാട്ട് | 14.11.1920 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07.11.1933 |
| ഫാ. ജോൺ ഊക്കൻ | 20.11.1944 |
| ഫാ. ജോസഫ് ചിറയത്ത് | 12.11.1946 |
| ഫാ. ജോസ് മേനാച്ചേരി | 15.11.1954 |
| ഫാ. ജോസ് ഇരിമ്പൻ | 09.11.1957 |
| ഫാ. ജോൺ കിഴക്കൂടൻ | 15.11.1960 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20.11.1967 |
| ഫാ. പോൾ അമ്പൂക്കൻ | 11.11.1969 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17.11.1971 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16.11.1980 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10.11.1987 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23.11.2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 22.11.2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04.11.2014 |
| ഫാ. പീറ്റർ പാലയൂർ | 21.11.2015 |
| ഫാ. ജോൺ കൊള്ളന്നൂർ | 19.11.2017 |

"എന്തുകൊണ്ടെന്നാൽ, അവിടുന്ന്
എല്ലാവിധത്തിലും, പ്രത്യേകിച്ച്,
വചനത്തിലും വിജ്ഞാനത്തിലും നിങ്ങളെ
സമ്പന്നരാക്കി."

1 കോറിന്തോസ് 1 : 5



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – സെപ്റ്റംബർ 2020**

1. **എഫ്.സി.സി.:**
   സെപ്റ്റംബർ 12–ാം തീയതി ആലുവ ജനറലേറ്റിൽ വച്ച് എഫ്.സി.സി കോൺഗ്രിഗേഷന്റെ ഏകീകരണത്തിന്റെ സുവർണ്ണജൂബിലിയാഘോഷവേളയിൽ ഏകീകരണത്തിന്റെ പേപ്പൽ ഡെലഗേറ്റ് ആയിരുന്ന അഭിവന്ദ്യ ഹിപ്പോളിറ്റസ് കുന്നുങ്കൽ പിതാവിനെക്കുറിച്ച് മുൻ അസി. സുപ്പീരിയർ ജനറലും, തൃശൂർ അസ്സീസി പ്രോവിൻസിന്റെ മുൻപ്രൊവിൻഷ്യൽ സുപ്പീരിയറും ആയിരുന്ന ബ. സി. റോസ് വെർജീനിയ രചിച്ച കാവൽ വിളക്ക് എന്ന അനുസ്മരണ ഗ്രന്ഥത്തിന്റെ പ്രകാശനം അത്യുന്നത കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നിർവ്വഹിച്ചു. കുട്ടംകുളം ആബ്ബാ കോൺവെന്റിലെ 9 അർത്ഥിനികളും, കെനിയായിലെ ഒരു അർത്ഥിനിയും വി. ഫ്രാൻസീസ് അസ്സീസിയുടെ മുറിവേറ്റ തിരുന്നാൾ ദിനമായ സെപ്റ്റംബർ 17–ാം തീയതി പ്രീ പോസ്റ്റുലൻസി Phase I ലേക്ക് ഔദ്യോഗികമായി പ്രവേശിച്ചു. ഈ വർഷം സഭാവസ്ത്രസ്വീകരണത്തിനും പ്രഥമവ്രതവാഗ്ദാനത്തിനുമായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നോവിസസിന്റെ രക്ഷിതാക്കൾക്കായി സെപ്തംബർ 26–ാം തീയതി മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വച്ച് നടത്തിയ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി ക്ലാസ്സെടുത്തു.
2. **സി.എസ്.എം:**
   08/09/2020 പാലക്കാട് രൂപതയിൽ അട്ടപ്പാടിയിൽ പുതിയതായി പണിത സെന്റ് മരിയ ഗൊരേത്തി കോൺവെന്റിന്റെ ആശീർവാദ കർമ്മം പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മനത്തോടത്ത് പിതാവ് നിർവഹിച്ചു. സുപ്പീരിയർ ജനറൽ മദർ സെബി റോസും പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.സി.ജിയോ മരിയയും ടീം അംഗങ്ങളും സിസ്റ്റേഴ്സും പങ്കെടുത്തു.

10/09/2020 ൽ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബഹു.സേവ്യർ ഖാൻ വട്ടായിൽ പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദ സന്ദർശനം നടത്തി.

15/09/2020 മുളയം സെന്റ് പയസ് കോൺവെന്റിൽ 3 അർത്ഥിനികൾ പോസ്ററുലൻസിയിലേക്ക് പ്രവേശിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.സി.ജിയോ മരിയയും ടീമും സന്നിഹിതരായിരുന്നു.

3. **എസ്.എ.ബി.എസ്.**

സെപ്തംബർ 9 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് സിസ്റ്റേഴ്സിനായി സോഷ്യൽ മീഡിയയെക്കുറിച്ച് ഫാ. പ്രതീഷ് കല്ലറയ്ക്കൽ ക്ലാസ്സെടുത്തു. ജനറലേറ്റിൽ വച്ചുനടത്തിയ ധ്യാനത്തിൽ ബഹു. മദർ സോഫി, സി.ദീപ്തി ജോൺ, സി. ബ്ലസി റോസ് എന്നിവർ സംബന്ധിച്ചു. 20, 26, 27 തിയ്യതികളിൽ തൃശ്ശൂർ അതിരൂപതയിലെ 'പറോക്ക്' ന്റെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ച് നടത്തിയ വെബിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. 23, 24 തിയ്യതികളിൽ ബഹു. പ്രൊവിൻഷ്യാളമ്മ പാലയൂർ ഭവന സമൂഹത്തിൽ ഔദ്യോഗിക സന്ദർശനം നടത്തി.

## ആദരാഞ്ജലികൾ



**13.09.2020 – എഫ്.സി.സി.** ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് ഭവനാംഗമായ ബഹു. സി. അഗ്രിക്കോള 13 –ാം തീയതി ഞായറാഴ്ച നിര്യാതയായി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ തിങ്കളാഴ്ച ഗുരുവായൂർ ലിസ്യു മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



**29.09.2020 – സി.എസ്.എം** തൃശ്ശൂർ ലൂർദ്ദ് നാഥ പ്രൊവിൻസ് അംഗമായ സി. ലൂവീസ (81) നിര്യാതയായി. അതിരൂപത സാമൂഹ്യസേവന വിഭാഗമായ സാന്ത്വനം സോഷ്യൽ അപ്പസ്തോലേററിന്റെ നേതൃത്വത്തിൽ 30.09.2020 ൽ കൊളങ്ങാട്ടുകര മരിയ ഭവനിൽ സംസ്കരിക്കുകയും ചെയ്തു.

**സി. റോസ് അനിത എഫ്.സി.സി.** — പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.** — സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

നിങ്ങൾക്കെല്ലാവർക്കും സുഖമെന്ന് കരുതുന്നു. നമ്മുടെയൊക്കെ മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ പലപ്പോഴും കടന്നുവരാറുണ്ട്. ഇപ്പോഴത്തെ ഈ അവസ്ഥയിൽ നമ്മുടെ മനസ്സിൽ ഉണ്ടായേക്കാവുന്ന ചോദ്യങ്ങളാണ് ഈ കൊറോണ എന്ന് അവസാനിക്കും? ഓൺലൈൻ ക്ലാസ്സ് എന്ന് തീരും? എന്നാണ് സ്കൂൾ തുറന്ന് കൂട്ടുകാരെ നേരിൽകണ്ട് പഠിക്കാൻ സാധിക്കുക? ഇങ്ങനെയുള്ള ചോദ്യങ്ങളല്ല ഞാൻ ഉദ്ദേശിച്ചത്. എന്റെ ചെറുപ്പത്തിൽ ഞാൻ ചിന്തിച്ചിരുന്ന ചോദ്യമാണ് മരിച്ചു കഴിഞ്ഞാൽ എന്താണ് സംഭവിക്കുക? മരണത്തെപ്പറ്റിയും മരിച്ചവരെപ്പറ്റിയും ഓർക്കുന്ന മാസമാണ് നവംബർ മാസം. എല്ലാ വർഷവും നവംബർ മാസം രണ്ടാം തീയതി സകല മരിച്ചവരുടെയും ഓർമ്മ നമ്മൾ ആചരിക്കുന്നു. കഴിഞ്ഞവർഷംവരെ ഈ മാസം മുഴുവനും സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലി നമ്മൾ പ്രത്യേകമാംവിധം നമ്മുടെ കുടുംബത്തിൽ നിന്ന് മരിച്ചു പോയവർക്ക് വേണ്ടി പ്രാർത്ഥിക്കാറുണ്ട്. ഈ കൊറോണ കാലത്ത് ഇത് എത്രമാത്രം പ്രായോഗികമാണെന്ന് അറിയില്ല. എങ്കിലും രണ്ടു കാര്യങ്ങൾ ഈ മാസത്തിൽ നമ്മൾ ഓർക്കണം. ഒന്ന്: നമ്മുടെ കുടുംബത്തിൽ നിന്ന് മരിച്ചുപോയ പ്രിയപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കണം. രണ്ട്: നമ്മുടെ മരണത്തെപറ്റി ചിന്തിക്കണം.

ഈശോ തന്റെ പരസ്യജീവിതകാലത്ത് മൂന്ന് വ്യക്തികളെയാണ് മരണത്തിൽനിന്ന് ഉയിർപ്പിച്ചത്. ഒന്ന്: മർത്തായുടേയും മറിയത്തിന്റെയും സഹോദരനായ ലാസർ (യോഹ. 11: 38–44). രണ്ട്: സിനഗോഗ് അധികാരിയായ ജായ്റോസിന്റെ മകൾ (മർക്കോ. 5:21–43). മൂന്ന്: നായിൻ പട്ടണത്തിലെ വിധവയുടെ മകൻ(ലൂക്കാ 7:11–17). മൂന്ന്

വ്യക്തികളെയും ഉയർപ്പിച്ചപ്പോൾ ഈശോ അവിടെയുണ്ടായിരുന്നവരുടെ വിശ്വാസത്തെ വിലമതിക്കുന്നുണ്ട്. ലാസറിനെ ഉയർപ്പിച്ച വേളയിൽ ഈശോ മർത്തയോട് ചോദിക്കുന്നു ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇത് നീ വിശ്വസിക്കുന്നുവോ? (യോഹ. 11:25–26). മർത്താ അവിടെ യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു. സിനഗോഗ് അധികാരിയായ ജായറോസ് ജനക്കൂട്ടത്തിന്റെ മുന്നിൽവെച്ചാണ് ഈശോയുടെ കാൽക്കൽവീണ് മകൾക്ക് വേണ്ടി അഭ്യർത്ഥന നടത്തിയത് (മർക്കോ. 5:22). ഇതും വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ്. നായിനിലെ വിധവയെ കണ്ടപ്പോൾ ഈശോയുടെ മനസ്സലിഞ്ഞു (ലൂക്കാ7:13). ഇതെല്ലാം അർത്ഥമാക്കുന്നത് മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവർക്ക്‌വേണ്ടി നാം വിശ്വാസത്തോടെ പ്രാർത്ഥിക്കണം എന്നതാണ്. ലാസറിനെ ഉയർപ്പിക്കാൻ ചെന്നപ്പോൾ കല്ലെടുത്തു മാറ്റാൻ ഈശോ ആവശ്യപ്പെട്ടു (യോഹ. 11:39). വിധവയുടെ മരിച്ച മകനെ ആളുകൾ ചേർന്ന് യേശുവിന്റെ അടുത്തേക്ക് എടുത്തുകൊണ്ടുവന്നു (ലൂക്കാ 7:12). നമ്മിൽ നിന്നും ഈശോ ഇത്തരത്തിലുള്ള പ്രവർത്തികൾ ആഗ്രഹിക്കുന്നു. ഈശോ ആഗ്രഹിക്കുന്ന ഈ പ്രവർത്തികൾ മരിച്ചുപോയവർക്ക്‌വേണ്ടി നമ്മൾ നടത്തേണ്ട പ്രാർത്ഥനകളാണ്. അതുകൊണ്ട് പുനരുത്ഥാനവും ജീവനുമായ ഈശോയിൽ (യോഹ. 11:25) വിശ്വസിക്കാനും മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവർക്ക് നിത്യജീവൻ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാനും നമ്മൾ കടപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ കാര്യം നമ്മുടെ മരണത്തെ പറ്റി ഓർക്കുക എന്നതാണ്. കുട്ടികളായ നിങ്ങളോട് മരണത്തെപ്പറ്റി ഓർക്കാൻ ഞാൻ ആവശ്യപ്പെടുന്നില്ല. പക്ഷേ നിങ്ങൾ സ്വർഗ്ഗത്തെപ്പറ്റി ഓർക്കണം. മരിച്ചുകഴിഞ്ഞാലും എനിക്ക് സ്വർഗ്ഗത്തിൽ പോകണം എന്ന ആഗ്രഹം മനസ്സിൽ കാത്തുസൂക്ഷിക്കണം. അൾത്താര ബാലന്മാരുടെ മധ്യസ്ഥനായ ഡൊമിനിക് സാവിയോ തന്റെ കുട്ടിക്കാലത്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ വി. ഡോൺ ബോസ്കോ അവനോട് ചോദിച്ചു. സ്വർഗ്ഗത്തിലെ ദൂതൻ ഇപ്പോൾ നിന്റെ മരണവാർത്ത നിന്നെ അറിയിക്കുകയാണെങ്കിൽ നീ എന്ത് ചെയ്യും ? ഡൊമിനിക് സാവിയോ അതിനു മറുപടി പറഞ്ഞത് ഞാൻ എന്റെ കളി തുടർന്നുകൊണ്ടിരിക്കും എന്നതാണ്. ഏതു സമയവും സ്വർഗ്ഗത്തിലേക്കുള്ള യാത്രയ്ക്ക് തയ്യാറായിരുന്നു ഡൊമിനിക് സാവിയോ. അതുകൊണ്ട് കുട്ടികളായി നിങ്ങളും എന്തു പറയുമ്പോഴും, ചിന്തിക്കുമ്പോഴും, പ്രവർത്തിക്കു

ബോഴും ഓർക്കേണ്ടത് എനിക്ക് സ്വർഗ്ഗത്തിൽ പോകണം എന്നുള്ള ആഗ്രഹത്തെ പറ്റിയാണ്. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

ഏറെ ത്യാഗവും ഔദാര്യവും കാഴ്ചവയ്ക്കുന്ന വിശ്വാസപരിശീലകരെ ആദരവോടും നന്ദിയോടും കൂടെ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ സ്വർഗ്ഗീയമധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളും വിശ്വാസപരിശീലകദിനാചരണവും (നവം.1) നമുക്ക് കൂടുതൽ അനുഗ്രഹം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിന്മയുടെ സ്വാധീനങ്ങൾ ചുറ്റിലും പതിന്മടങ്ങ് ശക്തിപ്പെടുമ്പോൾ, ക്രിസ്തുരാജന്റെ കൊടിക്കീഴിൽ നന്മയുടെ സാക്ഷികളായി നമുക്ക് അണിനിരക്കാം. മരണത്തിനപ്പുറമുള്ള സ്വർഗ്ഗീയമഹത്വത്തെ ലക്ഷ്യമാക്കി നമുക്ക് മുന്നേറാം.

1. **അർദ്ധവാർഷിക പരീക്ഷ**

   തൃശ്ശൂർ ജില്ലയിലെ ആരാധനാലയങ്ങളിലെ ജനപങ്കാളിത്തം 20 പേരാക്കി ജില്ലാകളക്ടർ നിജപ്പെടുത്തിയതിനാൽ ഒക്ടോബർ മാസത്തിൽ നടത്താനിരുന്ന വിശ്വാസപരിശീലനം X, XI, XII, ACC ക്ലാസ്സുകളിലെ അർദ്ധവാർഷിക പരീക്ഷകൾ യഥാക്രമം നവംബർ 8, 15, 22, 29 തിയ്യതികളിലായി നടത്തേണ്ടതാണ്. കണ്ടെയ്ൻമെന്റ് സോൺ വളരെ പ്രത്യേക സാഹചര്യങ്ങളിൽ പരീക്ഷകൾക്ക് തടസ്സം നേരിടുന്ന യൂണിറ്റുകൾ കേന്ദ്രത്തിലേക്ക് അറിയിക്കുമല്ലോ. അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പരീക്ഷ നവംബർ 29 (3.00 pm - 4.30 pm) നായിരിക്കും. പരീക്ഷാപേപ്പറുകൾ നവംബർ 2 മുതൽ വിതരണം ചെയ്യുന്നതാണ്. I മുതൽ IX വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷകൾ യൂണിറ്റുകളുടെ ഉത്തരവാദിത്വത്തിൽ പൂർത്തിയാക്കികാണുമല്ലോ.

2. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഈ അധ്യയനവർഷത്തിൽ (2020–21) നടത്താനിരുന്ന യൂണിറ്റ് വിസിറ്റ്, Advanced CTC, നവംബർ മാസത്തിൽ നടത്താനിരുന്ന Basic CTC, കോണ്ടാക്ട് ക്ലാസ്സ്,

പ്രതിഭാപരിശീലനം, സ്കോളർഷിപ്പ് പരീക്ഷകൾ, റിസോഴ്സ് പേഴ്സൺ & ആനിമേഷൻ കോഴ്സ്, മോഡൽ യൂണിറ്റ് എന്നിവ ഉണ്ടായിരിക്കുന്നതല്ല എന്ന് അറിയിക്കുന്നു.

3. **വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

ഈ തിരുനാൾ നവംബർ 1 -ാം തിയ്യതി സമുചിതമായി ആചരിക്കുമല്ലോ. മാതാപിതാക്കളിലും കുട്ടികളിലും വിശ്വാസപരിശീലനത്തിന്റെ മഹത്വവും മധ്യസ്ഥന്റെ മാതൃകയും മനസ്സിലാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്താം. അന്നേദിവസം സ്റ്റാഫ് മീറ്റിംഗ്, അധ്യാപകരെ ആദരിക്കൽ, പരീക്ഷകളെക്കുറിച്ച് ചർച്ച എന്നിവ നടത്തേണ്ടതാണ്.

4. **അധ്യാപക കൺവൻഷൻ** : നവംബർ 8 ന് നടത്തുവാൻ ഉദ്ദേശിച്ചിരുന്ന അധ്യാപക കൺവൻഷൻ മാറ്റിവച്ചു. സാഹചര്യം അനുകൂലമായാൽ പിന്നീട് സംഘടിപ്പിക്കുന്നതാണ്.

5. **വിദ്യാർത്ഥികൾക്കുള്ള പരിശീലനപരിപാടി:** Std. XI, XII, ACC ക്ലാസ്സുകളിൽ നിന്നുള്ള കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അതിരൂപതാതലത്തിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

6. **ഓൺലൈൻ ക്ലാസ്സുകൾ:** ജൂൺ 8 ന് ഷെക്കെയ്ന ടിവിയിലും മീഡിയാ കത്തോലിക്കാ യുട്യൂബ് ചാനലിലും സംപ്രേഷണം ആരംഭിച്ച ഓൺലൈൻ ക്ലാസ്സുകൾ 2021 ജനുവരി 18-ാം തിയതി പൂർത്തിയാകുന്നതാണ്. 13 ഫൊറോനകളിലെ 39 ഇടവകകളിൽ നിന്നായി 80 അധ്യാപകർ പങ്കെടുത്തു. അഭിനന്ദനങ്ങളും നന്ദിയും. 15 ഓളം അധ്യാപകരുടെ സെൻട്രൽ ടീമാണ് ക്ലാസ്സുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നത്. അവർക്ക് പ്രത്യേകം നന്ദി.

7. **ബേസിക് സിടിസി** : ബേസിക് സിടിസി കോഴ്സിന് മുമ്പ് രജിസ്റ്റർ ചെയ്തവർക്ക് അനുയോജ്യമായ സമയത്ത് കോഴ്സ് സംഘടിപ്പിക്കുന്നതാണ്.

8. **സർവീസ് അവാർഡ്:** അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്. ഈ വർഷത്തെ സർവ്വീസ് അവാർഡിനുള്ളവരുടെ പേരുവിവരം സോഫ്റ്റ് വെയറിൽനിന്നുമാണ് എടുക്കുക. എല്ലാ അധ്യാപകരുടേയും സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

9. **മെറിറ്റ് ഡേ:** 2019 -20 അധ്യയനവർഷത്തെ സമ്മാനദാനം (മെറിറ്റ് ഡേ & ACC Convocation, സർവ്വീസ് അവാർഡ്, റിട്ടയർ ചെയ്ത

അധ്യാപകർക്കുള്ള ആദരം എന്നിവ സാഹചര്യം അനുകൂലമായാൽ ജനുവരി 26 ന് നടത്തുവാൻ ഉദ്ദേശിക്കുന്നു.

**10. ഷോർട്ട് ഫിലിം കോൺടസ്റ്റ്:**

1. ACC വിദ്യാർത്ഥികൾക്കായി ഒരു ഷോർട്ട്ഫിലിം മത്സരം സംഘടിപ്പിക്കുന്നു.
2. ഈ വർഷത്തെ പ്രബോധന-പ്രവർത്തന വിഷയമായ ***"വിശ്വാസ വളർച്ചയ്ക്കു പ്രാർത്ഥനാജീവിത"*** എന്നതാണ് വിഷയം.
3. ഒരു യൂണിറ്റിൽ നിന്നും ഒരു എൻട്രി മാത്രമെ സ്വീകരിക്കുകയുള്ളൂ.
4. ACC വിദ്യാർത്ഥികളുടേതാണ് മത്സരമെങ്കിലും ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ (ഉദാ:കുഞ്ഞുകുട്ടി കഥാപാത്രമുണ്ടെങ്കിൽ) മറ്റ് ക്ലാസ്സുകളിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. വിശദീകരണം ആവശ്യപ്പെട്ടാൽ നൽകേണ്ടതാണ്. ആകെ12 പേരിൽ കവിയരുത്.
5. വീഡിയോ ദൈർഘ്യം ഒരുമിനിറ്റിൽ കുറയാത്തതും 10 മിനിറ്റിൽ കൂടുവാൻ പാടില്ലാത്തതുമാകുന്നു.
6. മൊബൈൽ ക്യാമറ ഉപയോഗിച്ചാണ് ചിത്രീകരിക്കേണ്ടത്.
7. 1080 P - വീഡിയോസ് ആണ് സബ്മിറ്റ് ചെയ്യേണ്ടത്.
8. ഗൂഗിൾ ഡ്രൈവ് ലിങ്ക് വഴി tsrcatechismcompetition@gmail.com ലേക്ക് എൻട്രികൾ നവംബർ 30-നകം അയയ്ക്കണം.
9. മൊബൈൽ ക്യാമറയിൽ ആണ് ഷൂട്ട് ചെയ്തത് എന്നത് തെളിയിക്കുന്നതിനായി Unedited row footage ആവശ്യപ്പെട്ടാൽ ഹാജരാക്കണം.
10. കോപ്പിറൈറ്റ് ഉള്ള ഫോട്ടോസ്, മ്യൂസിക് എന്നിവ ഉപയോഗിക്കാൻ പാടില്ല.
11. ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകൾ ഉപയോഗിക്കാം.
12. വികാരിയച്ചൻ/പ്രിൻസിപ്പാൾ എന്നിവരുടെ സാക്ഷ്യപത്രം കൂടെ അയയ്ക്കണം
13. അതിരൂപതാവിശ്വാസപരിശീലനകേന്ദ്രത്തിലെ വിധികർത്താക്കളുടെ വിധി അന്തിമമായിരിക്കും.

**11. മിശിഹായുടെ രാജത്വത്തിരുനാൾ - നവംബർ 22 ഞായർ**

സാഹചര്യം അനുസരിച്ച് സാധിക്കുമെങ്കിൽ പതാക ഉയർത്തി യൂണിറ്റുകളിൽ ആഘോഷമായ ദിവ്യബലിയോടും മറ്റും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത് യേശു

രാജാധിരാജനാണ് എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും.

**12. താഴെപ്പറയുന്ന വിവരങ്ങൾ സോഫ്റ്റ് വെയറിൽ കൃത്യമാക്കി എന്ന് ഉറപ്പുവരുത്തുക**

1. Std. XII Students Registration
2. Staff List & Service Records
3. Attendance of all Students of all Classes

**13. റോളിംഗ് ട്രോഫി**

കഴിഞ്ഞ വർഷം മോഡൽ യൂണിറ്റുകൾക്ക് ലഭിച്ച റോളിംഗ് ട്രോഫികൾ തിരിച്ചേൽപ്പിക്കേണ്ട അവസാന തിയ്യതി നവംബർ 30 ആണ്.

സസ്നേഹം,

**ഫാ. റോയ്സൺ കൊള്ളന്നൂർ**
**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# Institute of THEOLOGY

TRICHUR INSTITUTE OF THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies:**

   ബെൽജിയത്തെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PMവരെയും നടത്തപ്പെടുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് D B C L Cയിലെ Institute of Theology Office- മായി ബന്ധപ്പെടുക. B.A. വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ ഒന്ന് മുതൽ ആരംഭിക്കുന്നു. മുൻവർഷത്തെ പരീക്ഷകൾ പൂർത്തിയാക്കാത്തവർക്ക് അതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്

2. **Diploma in Theology Course:**

   24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന രീതിയിൽ ഒരുവർഷംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്. അടുത്ത ക്ലാസ്സുകൾ നവംബർ 8, 22 എന്നീ ഞായറാഴ്ചകളിൽ നടത്തുന്നതാണ്. Diploma വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി പരീക്ഷയ്ക്കുള്ള ആപ്ലിക്കേഷൻ ഉടൻ നൽകണം.

3. **Six Month Theology Course:**

   സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research of Calicut University ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ ആരംഭിച്ചിരിക്കുന്നു.

**ഫാ. ഫ്രാൻസീസ് ആളൂർ**
**ഡയറക്ടർ**

## BISHOP MEDLICOTT
# ARCHEPARCHIAL LIBRARY
**D B C L C, THRISSUR**

(Phone : 0487- 2333245, Mob : 9188131341)

E-mail: institute.of.theology@gmail.com

തൃശ്ശൂർ അതിരൂപത കേന്ദ്രത്തിലെ **D B C L C** യിൽ BISHOP MEDLICOTT ARCHEPARCHIAL LIBRARY പ്രവർത്തിക്കുന്നു. ഇവിടെ അമൂല്യപുസ്തകങ്ങളുടെ വിപുലമായ ശേഖരം തന്നെയുണ്ട്. (Biography, Philosophy, Religion, Bible General, Old Testament, New Testament, Doctrinal Theology, Christology, Mariology, Eschatology, Moral Theology, Devotional Literature, Spritual Theology, Pastoral Theology, Ecclesiology, Canon Law, Liturgy, Missiology, Church History, Ecumenism, Non Christian Religions, Social Science, Languages, Pure Science, Technology, Literature, Theology General, General.). മെമ്പർഷിപ്പ് എടുക്കുന്നതിനും, പുതുക്കുന്നതിനും തിങ്കൾ മുതൽ ശനി വരെ കാലത്ത് 10 മണി മുതൽ വൈകുന്നേരം 5 മണി വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.

# CATECHETICAL RELIGIOUS STALL
**D B C L C, THRISSUR**

(Phone : 0487- 2333245, 2320828)

E-mail: crstalltcr@gmail.com

ദൈവാലയങ്ങളിലേക്കും ഭവനങ്ങളിലേക്കും ആവശ്യമായ എല്ലാ വിഭാഗത്തിലുംപെട്ട ക്രിസ്തീയ ഭക്തവസ്തുക്കളും ആത്മീയപുസ്തകങ്ങളും വിൽക്കപ്പെടുന്നു. 2020–2021 വർഷത്തിലെ വിശ്വാസ പരിശീലനത്തിന് ആവശ്യമായ പഠന പുസ്തകങ്ങൾ വിതരണം ചെയ്തു.

**ഫാ. ഫ്രാൻസീസ് ആളൂർ**
**ഡയറക്ടർ**



# മേരിമാത സെമിനാരി

1. **പ്രാർത്ഥനാശംസകൾ**

   ഈ അദ്ധ്യയനവർഷം ദൈവശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി സെമിനാരികുടുംബം ഒക്ടോബർ 8–ാം തിയ്യതി പ്രത്യേകമായി പ്രാർത്ഥിച്ചു. പുരോഹിതപട്ടം സ്വീകരിക്കാനൊരുങ്ങുന്ന അവർക്ക് ആശംസകൾ നേരാനും ആ ദിവസം വിനിയോഗിച്ചു.

2. **മാസധ്യാനം**ഒക്ടോബർ 16, 17 തിയ്യതികളിലായി കഴിഞ്ഞ തവണയിലെ മാസധ്യാനം നടന്നു. തലോർ ജെറുസലേം ധ്യാനകേന്ദ്രത്തിലെ. റവ. ഫാ. ജോ പാച്ചേരി സി. എം. ഐ. ധ്യാനചിന്തകൾ നൽകി.

3. **അവധിക്കാലം**

   സെമസ്റ്റർ പരീക്ഷകൾക്കുശേഷം ഒക്ടോബർ 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ അവധിയായിരുന്നു. ഓൺലൈൻ ക്ലാസ്സുകളൊന്നും ഈ ദിവസങ്ങളിൽ സംഘടിപ്പിച്ചിരുന്നില്ല. ഒക്ടോബർ 19 മുതൽ വീണ്ടും ക്ലാസ്സുകൾ ആരംഭിച്ചു.

4. **ജപമാല മാസാചരണം**

   ജപമാലഭക്തിയ്ക്കായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ഒക്ടോബർ മാസത്തിൽ 22 മുതൽ 31 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ ദിവ്യകാരുണ്യസന്നിധിയിലായിരുന്നുകൊണ്ട് സെമിനാരി കുടുംബം വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ഫോക്കസ് ശിൽപശാല**

കോവിഡ് പശ്ചാതലത്തിൽ ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷം തോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപ ശാല ഫോക്കസ്, ഗൈനക്കോളജി വിഭാഗത്തിലെ ഡോ. സെറീന യുടേയും മറ്റ് മുതിർന്ന ഡോക്ടർമാരുടേയും നേതൃത്വത്തിൽ ഓൺലൈനായി നടന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു മായി ആയിരത്തോളം ഗൈനക്കോളജി പി.ജി. വിദ്യാർത്ഥികൾ പങ്കെ ടുത്ത ഈ ക്ലാസുകൾ നയിച്ചത് ഈ മേഖലയിൽ പ്രഗത്ഭരായ പ്രൊഫസർമാരായ ഡോ. വി. പി. പൈലി, ഡോ. ലക്ഷ്മി ശേഷാദ്രി, ഡോ. അരുൺ, പ്രൊഫ. ലില്ലി വർഗ്ഗീസ് എന്നിവരാണ്. ക്ലാസിന്റെ അവസാനം വിദ്യാർത്ഥികൾക്ക് ഓൺലൈനായി ചോദ്യങ്ങൾ ചോദി ക്കാനുള്ള അവസരമുണ്ടായിരുന്നു. അതോടൊപ്പം ഡോ. അശ്വത് കുമാർ നയിച്ച ഓൺലൈൻ ക്വിസിൽ ഏറ്റവും ചുരുങ്ങിയ സമയ ത്തിനുള്ളിൽ ശരിയായ ഉത്തരം നൽകിയ വ്യക്തിക്ക് സമ്മാനവും നൽകിയിരുന്നു തുടർച്ചയായി രണ്ടു ദിവസങ്ങളിൽ ഗൈനക്കോളജി വിഭാഗം സീനിയർ റസിഡന്റ് ഡോ. ദീപ്തി ഡി. നായർ ഒന്നാം സമ്മാനം നേടി. പ്രോഗ്രാമിന് വിദ്യാർത്ഥികളിൽ നിന്നും വളരെ നല്ല പ്രതികരണം ലഭിച്ചു.

2. **CASCADE 2020**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രതിവർഷം നടത്തി വരുന്ന CASCADE രക്ത ശീതീകരണ ശിൽപ ശാലയുടെ പത്താം വാർഷികത്തോട് അനുബന്ധിച്ച് CASCADE 2020 ദേശീയതല സമ്മേളനം ഓൺലൈനായി നടന്നു. നിരവധി പേർ പങ്കെടുത്ത ഈ

ക്ലാസുകൾക്ക് നേതൃത്വം വഹിച്ചത് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം മേധാവി ഡോ. സുശീല ജെ ഇന്നയാണ്. ഹെമറ്റോളജി വിഭാഗത്തിലെ പ്രഗത്ഭരായ ഡോ. ചന്ദ്രൻ കെ നായർ (മലബാർ ക്യാൻസർ സെൻറർ, തലശ്ശേരി), ഡോ. ീരജ് സിദ്ധാർത്ഥൻ (അമൃത മെഡിക്കൽ കോളേജ്, കൊച്ചി), ഡോ. ദീപക് ചാൾസ് (ആസ്റ്റർ മെഡിസിറ്റി, കൊച്ചി), ഡോ. ശ്രീരാജ് വാസുദേവൻ (അമല മെഡിക്കൽ കോളേജ്, തൃശ്ശൂർ), ഡോ. പോൾ ടി ആന്റണി (അമല മെഡിക്കൽ കോളേജ്, തൃശ്ശൂർ), ഡോ. ബിജു ബാഹുലേയൻ (ജൂബിലി മിഷൻ മെഡിക്കൽ കോളേജ്), ഡോ. ഗണേഷ് മോഹൻ (കസ്തൂർബാ മെഡിക്കൽ കോളേജ്, മണിപ്പാൽ), ഡോ. രമേശ് ഭാസ്കരൻ (ജൂബിലി മിഷൻ മെഡിക്കൽ കോളേജ്), ഡോ. അബൂബക്കർ മുഹമ്മദ് റാഫി (ജൂബിലി മിഷൻ മെഡിക്കൽ കോളേജ്) എന്നിവരായിരുന്നു ശിൽപശാലയുടെ പ്രഭാഷകർ.

3. **അഭിനന്ദനങ്ങൾ.. ആശംസകൾ..**

 Ms.Disni K D,CMAI നടത്തിയ ഡിപ്ലോമ ഇൻ അനസ്തേഷ്യ ആൻഡ് ക്രിട്ടിക്കൽ കെയർ ടെക്നോളജി കോഴ്സ് ദേശീയതല പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി.

4. **ഡയാലിസിസിന് സംഭാവന നൽകിയവർ**

ശ്രീ. ജോമോൻ, നെടുപുഴ, പനമുക്ക്, തൃശ്ശൂർ ( 20 ഡയാലിസിസ്)
ബി.കോം, 91–94 ബാച്ച്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
(14 ഡയാലിസിസ്)
മദർ സുപ്പീരിയർ, സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ
(71 ഡയാലിസിസ്)
സെന്റ് ആന്റണീസ് ചർച്ച്, തണ്ടിലം, തൃശ്ശൂർ (51 ഡയാലിസിസ്)

5. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ
ശ്രീമതി ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തോട്ടത്തിൽ ലൈൻ, തൃശ്ശൂർ
ബേബി ശ്രേയ, എരവിമംഗലം ഹൗസ്, വളാഞ്ചേരി
ശ്രീമതി ബിന്ദു, വല്ലച്ചിറ, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# ജ്യോതി  എഞ്ചിനിയറിംഗ് കോളേജ്

1. **സാങ്കേതിക സർവ്വകലാശാല റിസൽട്ട് ജ്യോതിക്ക് നേട്ടം** : സാങ്കേതിക സർവ്വകലാശാല നടത്തിയ ഫൈനൽ ബി.ടെക് പരീക്ഷയിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് മികച്ച വിജയം കേരളത്തിലെ 140 ഓളം വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാദമിക് പെർഫോമൻസിൽ ജ്യോതിക്ക് 24 ാം റാങ്ക് ലഭിച്ചു. ഉയർന്ന വിജയശതമാനം, കുട്ടികളുടെ എണ്ണം, അവരുടെ സാങ്കേതിക മികവ് തുടങ്ങിയ മാനദണ്ഡങ്ങൾ അനുസരിച്ചാണ് റാങ്ക് ലിസ്ററ് തയ്യാറാക്കിയിരിക്കുന്നത്.  സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി ഡോണ തോമസിന് എട്ടാം റാങ്ക് ലഭിച്ചു.
2. **ക്രൈസ്റ്റ്-ജ്യോതി ധാരണാപത്രം ഒപ്പുവച്ചു**: സാങ്കേതിക വിദ്യാഭ്യാസ സംസ്ക്കാരം കൂടുതൽ ഉന്നതിയിൽ എത്തിക്കാൻ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിററിയും ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജും ധാരണാപത്രം ഒപ്പുവച്ചു. സാങ്കേതിക മേഖലകളിലെ പുതിയ സാധ്യതകൾ കണ്ടെത്തുവാനും കുട്ടികൾക്കും അദ്ധ്യാപകർക്കും പരസ്പരം ആശയവിനിമയവും ഗവേഷണസംബന്ധമായ  സഹായങ്ങളും അതോടൊപ്പം രണ്ടു സ്ഥാപനങ്ങളിലെ ലാബുകളും എല്ലാ സൗകര്യങ്ങളും  ഉപയുക്തമാകുന്ന രീതിയിൽ പങ്കുവയ്ക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ധാരണാപത്രം.

   ഒരേ ദർശനവും സാങ്കേതികമികവുമുള്ള സ്ഥാപനങ്ങളെ കൈപിടിച്ചുയർത്തുവാനും ഗുണപരമായ വിദ്യാഭ്യാസ സംസ്ക്കാരത്തിലൂടെ നല്ല സമൂഹങ്ങളെ വാർത്തെടുക്കുവാനും അങ്ങനെ നവഭാരത നിർമ്മിതിയിൽ പങ്കാളികളാകുവാൻ ഈ കൈകോർക്കൽ ഉപകരിക്കട്ടെയെന്ന്  ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിററി വൈസ്ചാൻസലർ റവ. ഡോ. ഫാ. അബ്രഹാം വി.സി. അഭിപ്രായപ്പെട്ടു.

   ചടങ്ങിൽ ക്രൈസ്റ്റ് യൂണിവേഴ്സിററി റജിസ്ട്രാർ ഡോ. അനിൽ ജോസഫ് പിന്റോ, ഡയറക്ടർ ഓഫ് റിസർച്ച് ഫാ. ഡോ. ജോസഫ്

വർഗ്ഗീസ് കുരിത്തറ, ഡീൻ ഡോ. ഐവാൻ ജോസ്, കോഡിനേററർ ഫാ. ഡോ. ബെന്നി തോമസ്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി, കാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ, അക്കാദമിക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ, പ്രിൻസിപ്പൽ ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

3. **ജ്യോതിയ്ക്ക് ഗൂഗിളിന്റെ അംഗീകാരം** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഗൂഗിൾ ഡവലപ്പർ സ്ററുഡന്റ് ക്ലബ്ബ്സ് ആരംഭിച്ചു. ഗുഗിളിന്റെ സാങ്കേതിക വിദ്യകളോട് ചേർന്ന് പ്രവർത്തിക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് ഗൂഗിൾ ഡവലപ്പർ സ്ററുഡന്റ് ക്ലബ്ബ്സ്. കോളേജിന്റെ പ്രവർത്തന മികവും വിദ്യാർത്ഥികളുടെ പഠനമികവും കണക്കിലെടുത്താണ് ഗൂഗിൾ അധികൃതർ കോളേജിനെ തെരഞ്ഞെടുത്തത്.

4. **എഞ്ചിനീയേഴ്സ് ഡേ ആഘോഷിച്ചു** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ എഞ്ചിനീയേഴ്സ് ഡേ മെക്കാട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റെയും ഇൻസ്ററിററ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഓഫ് ഇന്ത്യയുടേയും ആഭിമുഖ്യത്തിൽ ആഘോഷിച്ചു. ഓൺലൈൻ ആയി നടത്തപ്പെട്ട ചടങ്ങിൽ സാങ്കേതിക സർവ്വകലാശാല മുൻവൈസ് ചാൻസലർ ഡോ. കുഞ്ചെറിയ പി. ഐസക് മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ കോളേജ് ഡയറക്ടർ ഫാ. ജോസ് കണ്ണമ്പുഴ, കാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ, കോളേജ് അഡ്മിനിസ്ട്രേററർ എഞ്ചിനീയർ തോമസ് മാത്യ, ഇൻസ്ററിററ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഓഫ് ഇന്ത്യ കോർഡിനേററർ പ്രൊഫസർ വിൻസി വർഗ്ഗീസ് എന്നിവർ സംസാരിച്ചു.

5. **ദേശീയ അധ്യാപക പരിശീലന പരിപാടി** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ വിഭാഗം സംഘടിപ്പിച്ച ദേശീയ അധ്യാപക പരിശീലന പരിപാടി (AICTE-ATAL FDP) Prof. കെ. ശ്രീനിവാസ് റെഡി (IIT Madras) ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ കാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ അധ്യക്ഷത വഹിച്ചു. അക്കാദമിക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ ആമുഖ പ്രഭാഷണം നടത്തി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി മുന്നൂറോളം അധ്യാപതർ അഞ്ചുദിവസത്തെ ശിൽപശാലയിൽ പങ്കെടുക്കുന്നു. പ്രോഗ്രാം കൺവീനർ ഡോ. ബിജു പി.എൽ, പ്രോഗ്രാം കോർഡിനേററർ ഡോ. ദീപൻ രാജ് എന്നിവർ നേതൃത്വം നല്കി.

6. **വീ ഫോർ യു :** കമ്പ്യൂട്ടർ സയൻസ് വിഭാഗം പൂർവ്വ വിദ്യാർത്ഥി കളുടെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആവശ്യമായ ലാപ്ടോപ്പുകൾ, ടാബ്‌ലററുകൾ മുതലായ പഠനസാമഗ്രികൾ അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. സമൂഹത്തിന്റെ വളർച്ചയ്ക്ക് ഒരു കൈതാങ്ങായ പൂർവ്വ വിദ്യാർത്ഥികളുടെ നല്ല മനസ്സിനെ ചടങ്ങിൽ അഭിനന്ദിച്ചു.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
ചെയർമാൻ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **പ്രണാമം**
   കോളേജിന്റെ മുൻ മാനേജരായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ വേർപാടിൽ സെന്റ് തോമാസ് കുടുംബം അതിയായ ദു:ഖവും, ആത്മശാന്തിക്കായ് പ്രാർത്ഥനാനിർഭരമായ പ്രണാമവും അർപ്പിക്കുന്നു.
2. **വെബിനാറുകൾ**
   കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മ്യൂച്ചൽ ഫണ്ട്സ്– ദ റോഡ് ടു ഫിനാൻഷ്യൽ ഫ്രീഡം എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ നടത്തി.
   പ്രൊഫ. സീതാരാമൻ അനുസ്മരണ പ്രഭാഷണം: ഫിസിക്സ് ഡിപ്പാർട്ട്മെന്റി ന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. സീതാരാമൻ അനുസ്മരണ പ്രഭാഷണം നടത്തി.
   ആക്ടീവ് ഗലക്ടീവ് ന്യൂക്ലൈ, ദ എനർജറ്റിക് സെന്റേഴ്സ് ഓഫ് ഗാലക്സീസ് എന്ന വിഷയത്തിൽ രാമാനുജൻ ഫെല്ലൊ ഡോ വിവേക് എം. മുഖ്യപ്രഭാഷണം നടത്തി.
   ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദ ആർട്ട് ഓഫ് സയന്റിഫിക് റൈറ്റിങ്ങ് ആന്റ് പബ്ലിഷിംഗ് എന്ന വിഷയത്തെ ആസ്

പദമാക്കി വെബിനാർ സംഘടിപ്പിച്ചു. കാലിക്കറ്റ് യൂണിവേഴ്സ്റ്റി പ്രൊഫ. ഡോ. ജോസ് ടി പുത്തൂർ ഡിപ്പാർട്ട്മെന്റ് ഓഫ്. ബോട്ടണി വെബിനാർ നയിച്ചു.

മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മോൺ. ഡോ. തോമസ് മൂത്തേടൻ അനുസ്മരണ പ്രസംഗം സംഘടിപ്പിച്ചു. അദ്ധ്യാപകൻ ശ്രീ. മധു ബി. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, മൈസൂർ വെബിനാർ നയിച്ചു.

ഗാന്ധിജയന്തി ആഘോഷത്തോടനുബന്ധിച്ച് എസ്.ഇ.എസ്.ആർ.ഇ.എസ്. എന്ന സെല്ലിന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. വാട്ടർ എനർജി മാനേജ്മെന്റിനെക്കുറിച്ച് ഡോ. ജോബി പോളും, സോഷ്യൽ എന്റർപ്രനർഷിപ്പിനെക്കുറിച്ച് ശ്രീ ജിജോ കുരുവിളയും, വേയ്സ്റ്റ് മാനേജ്മെന്റിനെക്കുറിച്ച് ഡോ. മിജോയ് ജോസും ക്ലാസ്സുകൾ നയിച്ചു.

ഓസോൺ ദിനത്തോടനുബന്ധിച്ച് ബോട്ടണി, സുവോളജി ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി 'ക്ലൈമറ്റ് ടോക്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. കുര്യൻ ഇ.കെ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്ക്കൂൾ ഓഫ് എൻവിറോൺമെന്റ് ഫെല്ലോ ഡോ. ഷാന്തി പ്രഭാ വി. എന്നിവർ വെബിനാർ നയിച്ചു.

എൻ.എസ്.എസ് യൂണീറ്റിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് 'ഗാന്ധിസ്മൃതി' എന്ന വെബിനാർ സംഘടിപ്പിച്ചു. പ്രൊഫ. ജോർജ്ജ് അലക്സ് വെബിനാർ നയിച്ചു.

കോളേജിലെ അനദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് കാലത്ത് ഇൻകം ടാക്സ് ഇ ഫയലിംങ്ങ് എന്നതിനെക്കുറിച്ച് വെബിനാർ സംഘടിപ്പിച്ചു. ഡോ. ജോ. കിഴക്കൂടൻ (ഫിസിക്സ് ഡിപ്പാർട്ട്മെന്റ്) വെബിനാർ നയിച്ചു. ഐ.ക്യു.എ.സി യുടെ നേതൃത്വത്തിൽ അദ്ധ്യാപർക്കായി വെബിനാർ സംഘടിപ്പിച്ചു. 'റീ വിസിറ്റിംഗ് മെന്ററിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി, തിരുവനന്തപുരം ലയോള കോളേജ്, സോഷ്യൽവർക്ക് വിഭാഗം തലവൻ ഡോ. സോണി ജോസ് ക്ലാസ്സുകൾ നയിച്ചു.

**3. ബിരുദ വിദ്യാർത്ഥികളുടെ ഓൺലൈൻ പ്രവേശനം**

നാലുദിവസത്തെ ഓൺലൈൻ ബിരുദപ്രവേശനം 'സാന്തോം ഇനിഷിയേഷൻ 2020 എന്ന പരിപാടിയോടെ സെപ്തംബർ 14 ന് നടത്തപ്പെട്ടു. മുൻ പ്രിൻസിപ്പാൾ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷണം നടത്തി. കോളേജിന്റെ സാംസ്ക്കാരിക പൈതൃകം, സാമൂഹ്യ ഉന്നമന നേതൃത്വം, കായിക വൈജ്ഞാനിക മികവ്, പാഠ്യപാ

ദ്യേതര വിഷയങ്ങളിലെ സജീവത്വം എന്നിവ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിയ അനുഭവ സാക്ഷ്യമായിരുന്നു ബിരുദ പ്രവേശനം.

4. **പുതിയ കോഴ്സുകൾക്ക് അനുമതി**
യു.ജി.സി യുടെ വിദ്യാർത്ഥി നൈപുണ്യങ്ങളെ വളർത്തുക എന്ന ഉദ്ദേശ്യത്തോടെ ബിവോക്ക്, എംവോക്ക്, പി.എച്ച്.ഡി വിഭാഗങ്ങളിൽ 8 സ്കിൽ ബെയ്സ്ഡ് പ്രോഗ്രാമുകൾ കോളേജിന് ലഭിച്ചു. 7 സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾക്കും അനുമതി ലഭിച്ചു.

5. **നേട്ടം**
എസ്. എച്ച് കോളേജ് തേവര നടത്തിയ ഡോ. ചരുവിലിൽ അനുസ്മരണ പ്രഭാഷണം ഇംഗ്ലിഷ് അദ്ധ്യാപകൻ ഡോ. സി.എസ്. ബിജു നിർവ്വഹിച്ചു.
ആകാശവാണി തൃശൂർ നിലയം സംപ്രേഷണം ചെയ്ത ഓസോൺ ദിനാചരണ പ്രസംഗം ഫിസിക്സ് അദ്ധ്യാപകൻ ഡോ. റ്റി.വി വിമൽ കുമാർ നിർവ്വഹിച്ചു.

6. **(എം.ഒ.യു) ധാരണാപത്രം**
കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സെന്റ് തോമാസ് കോളേജും ഇന്റർനാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (യു.കെ) നും സംയുക്തമായി രാജ്യാന്തര പ്രാധാന്യമുള്ള (എ.സി.സി.എ) കോഴ്സ് തുടങ്ങാൻ ധാരണാപത്രം (എം.ഒ.യു) ഒപ്പുവെച്ചു.
സെന്റ് തോമസ് കോളേജ്, ഐ.ഐ.റ്റി മുംബൈയുടെ 'എനർജി സ്വരാജ് ഫൗണ്ടേഷന്റെ അക്കാദമിക് പങ്കാളികളായി പ്രവർത്തിക്കാൻ സംയുക്തധാരണാ പത്രം ഒപ്പുവെച്ചു.

7. **ഒ.എസ്.എ വെബിനാർ**
പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. അന്താരാഷ്ട്ര സൈബർ സുരക്ഷ വിദഗ്ദനും (യു.എസ്.എ) പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ സംഗമേശ്വരൻ മാണിക്യം അയ്യർ ക്ലാസ്സു നയിച്ചു.

8. **വിദേശ ഭാഷാപഠനം**
കോളേജിന്റെ നേതൃത്വത്തിൽ സാന്തോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാൻഗ്വേജിന്റെ കുടക്കീഴിൽ വിദേശഭാഷകളായ ഫ്രഞ്ച്, ഇറ്റാലിയൻ, ജർമ്മൻ, കേംബ്രിഡ്ജ് ഇംഗ്ലീഷ് എന്നിവ പഠിക്കുവാൻ അവസരമൊരുക്കുന്നു.

**പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

1. **പുതിയ അസി. ഡയറക്ടർക്ക് സ്വീകരണം**

   പുതിയ അസി.ഡയറക്ടറും പ്രോഗ്രാം കോഡിനേറ്ററും ആയി ചാർജ് എടുത്ത ഫാ.പോൾ മാള്ളിയമ്മാവിന് സാന്ത്വനം ഡയറക്ടർ റവ. ഫാ.ജോയി മൂക്കൻ, അസോസിയേറ്റ് ഡയറക്ടർ റവ.ഫാ.ഡോ. ജോസ് വട്ടക്കുഴി അസി.ഡയറക്ടർ ഫാ.സിന്റോ തൊറയൻ, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചേർന്ന് സമുചിതമായി സ്വീകരണം നൽകി.

2. **കോവിഡ് മരണം: ക്രിസ്തീയ ബഹുമതികളോടെ സംസ്ക്കരിച്ചു**

   അതിരൂപതയിൽ കോവിഡ് 19 മൂലം മരിച്ചവരുടെ സംസ്ക്കാരങ്ങൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് വിവിധ ഇടവകകളിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടത്തി. കുരിയച്ചിറ, മുണ്ടൂർ, എൽത്തുരുത്ത്, വേലുപ്പാടം, പൂങ്കുന്നം, തലോർ, അരണാട്ടുക്കര, പടവരാട്, പനമുക്ക്, മാടക്കത്തറ, കരുവാങ്കോട്, അരിമ്പൂർ, കണ്ടശ്ശാംകടവ്, കാഞ്ഞാണി, വടുക്കര, പുത്തൻപള്ളി, കല്ലൂർ ഈസ്റ്റ്, കോട്ടപ്പടി എന്നി ഇടവകകളിലെ മൃതദേഹങ്ങൾ ക്രിസ്തീയതിരുകർമ്മങ്ങളോടെ ദഹിപ്പിക്കുകയും പുതുക്കാട്, കുമ്പളങ്ങാട്, കോളങ്ങാട്ടുക്കര, പൂത്തറക്കൽ, പുതുക്കാട്, പറപ്പൂർ, നെടുപുഴ എന്നീ ഇടവകകളിലെ മൃതദേഹങ്ങൾ സംസ്ക്കരിക്കുകയുമാണ് ചെയ്തത്. സാന്ത്വനം ഡയറക്ടർ, അസി.ഡയറക്ടർമാർ എന്നിവരുടെ നിർദ്ദേശങ്ങളനുസരിച്ച് ഇടവക വികാരിമാരുടെയും അസി.വികാരിമാരുടെയും സന്നദ്ധ വൈദികരുടെയും കാർമ്മികത്വത്തിൽ സാന്ത്വനം ടാസ്ക്ക് ഫോഴ്സ് വളണ്ടിയേഴ്സിന്റെ സഹായത്താലാണ് വിവിധ ഇടവകകളിലെ മൃതസംസ്ക്കാരങ്ങൾ നടത്തിയത്.

3. **നവജീവൻ പ്രോജക്ട്**

   കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന പ്രകൃതി ദുരന്തനിവാരണ പദ്ധതിയായ നവജീവൻ

പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ചാഴൂർ പഞ്ചായത്തിൽ പുരോഗമിക്കുന്നു. ഓരോവാർഡുകളിലെയും ലൊക്കെഷൻ ഡാറ്റ ഡിജിറ്റലായി ശേഖരിച്ചു. ടാസ്ക് ഫോഴ്സ് അംഗങ്ങളുടെ വിവരശേഖരണവും നടത്തി.

4. **കാരിത്താസ് ഇന്ത്യ ഫൗണ്ടേഷൻ ഡേ**
കാരിത്താസ് ഇന്ത്യ ഫൗണ്ടേഷൻ ഡേയുടെ ഭാഗമായി നടത്തിയ വെബിനാറിൽ കോഡിനേറ്റർ നെൽസൺ സി.ടി പങ്കെടുത്തു. കാരിത്താസിൽ വളണ്ടിയറായി സേവനമനുഷ്ടിച്ച അനുഭവങ്ങളും കരിത്താസ് പ്രോജക്ടുകളെപ്പറ്റിയും സംസാരിച്ചു. വെബിനാറിൽ മന്ത്രി ജി. സുധാകരൻ, ഹൈബി ഈഡൻ എം പി. കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി തുടങ്ങിയവർ പങ്കെടുത്തു.

5. **കേരള സോഷ്യൽ സർവിസ് ഫോറം ആനുവൽ ജനറൽ ബോഡി മിറ്റിംങ്ങ്**
കേരള സോഷ്യൽ സർവിസ് ഫോറം ആനുവൽ ജനറൽ ബോഡി മിറ്റിംങ്ങ് സെപ്റ്റംബർ 22 ചൊവാഴ്ച്ച കോട്ടയം ആമോസ് സെന്ററിൽവച്ച് നടത്തി. അഭിവന്ദ്യ മാർ ജോസ് പുളിക്കൻ പിതാവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തൃശൂർ അതിരൂപത സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിൽ നിന്നും ഡയറക്ടർ ഫാ.ജോയ് മൂക്കൻ പങ്കെടുത്തു.

6. **ഭാരതിയാർ യുണിവേഴ്സിറ്റി കോളേജ് ട്രെയിനിസ്**
ഭാതതീയാർ യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിൽ നിന്നും ബിരുദാനന്തര വിദ്യാർത്ഥികൾ പ്രോജക്റ്റ് വർക്കിന്റെ ഭാഗമായി സാന്ത്വനത്തിൽ 15 ദിവസത്തെ പ്രോജക്റ്റ് ആരംഭിച്ചു. സാന്ത്വനം അസോ. ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി അവർക്കുവേണ്ട നേതൃത്വവും നിർദ്ദേശവും നല്കിവരുന്നു.

7. **ഗോഡ്സ് ഓൺ ഫാമിലി, സേവ് എ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു**
പൊങ്ങണംകാട്–25000, പങ്ങാരപ്പിള്ളി–16000, പുത്തൻപീടിക–15000, കുണ്ടന്നുർ–10000,നടത്തറ–10000, മാടക്കത്തറ–29000, പടവരാട്–12000, അയ്യന്തോൾ–12000, പുറനാട്ടുകര–30000, കണ്ണാറ–36000, എറവ്–75346, പീച്ചി–23000, അന്തിക്കാട്–12000, വെണ്ടൂർ–14000, പാഴായി–10000, പുതുക്കാട്–13000, ചൂണ്ടൽ–11030, മുണ്ടൂർ–60137, കല്ലൂർ–29000, അമ്മാടം–9000, വരടിയം–25000, തയ്യൂർ–16000, വെങ്ങിണിശ്ശേരി–10000, മറ്റം–18861, ചിറ്റാട്ടുകര–45289, ചേർപ്പ്–17121, ഗുരുവായൂർ–21991, ചിറ്റി

ശ്ശേരി–24000, പൂത്തറക്കൽ–15000, മണ്ണംപേട്ട–50000, പൊന്നൂക്കര–10000, പുത്തൂർ–24000, കുനംമൂച്ചി–20000, അരണാട്ടുക്കര–174338, നെല്ലിക്കുന്ന്–10000, ചേറൂർ–13000, ഏനാമ്മാവ്–28000, ത്രിക്കുർ–15000

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ



# മാതൃവേദി

**മാതൃവേദി അംഗങ്ങൾക്കായുള്ള പ്രസംഗ മത്സരം**

മാതൃവേദി അംഗങ്ങൾക്കായുള്ള പ്രസംഗ മത്സരം ഓൺലൈൻ വഴി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെയുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. പ്രസംഗ മത്സര വിഷയം – **കൊറോണ കാലഘട്ടത്തിൽ ജപമാലയുടെ പ്രസക്തി.**

**നിബന്ധനകൾ**

1. കൊറോണ കാലഘട്ടത്തിൽ ജപമാലയുടെ പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പ്രസംഗം നടത്തേണ്ടത്.
2. പ്രസംഗത്തിന്റെ ദൈർഘ്യം 3 മിനിറ്റിൽ കൂടാൻ പാടുള്ളതല്ല.
3. മത്സരം മാതൃവേദി അംഗങ്ങൾക്ക് മാത്രമായിരിക്കും.
4. വീഡിയോയിൽ മുഖം മാസ്ക് വെച്ച് മറയ്ക്കാൻ പാടുള്ളതല്ല.
5. ഒരാൾക്ക് ഒരു പ്രാവശ്യം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.
6. മത്സരത്തിനുള്ള വീഡിയോ അയച്ചുതരേണ്ട ഫോൺ നമ്പർ – 9207119554.

7. പ്രസംഗത്തോടൊപ്പം പേര്, അഡ്രസ്സ്, ഇടവക, വാട്സ് ആപ്പ് നമ്പർ എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.
8. അയക്കുന്ന വീഡിയോയിൽ ഏതെങ്കിലും തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ മത്സരാർത്ഥിയെ ഒഴിവാക്കുന്നതായിരിക്കും.
9. പ്രസംഗം അയച്ചുതരേണ്ടത് 2020 നവംബർ 21 മുതൽ 25 വരെയാണ്. 25–ാം തിയ്യതി വൈകീട്ട് 9 മണിക്ക് മുമ്പായി അയച്ചുതരേണ്ടതാണ്.
10. വിജയികളെ 2020 ഡിസംബർ 15 ന് പ്രഖ്യാപിക്കുന്നതായിരിക്കും.
11. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഭക്തിഗാന മത്സര വിജയികൾ**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ ഭക്തിഗാന മത്സരത്തിന്റെ വിജയികൾ

| | |
|---|---|
| **ഒന്നാം സമ്മാനം** | മേഴ്സി ഷാജു – പുത്തൻപീടിക ഇടവക |
| **രണ്ടാം സമ്മാനം** | ഫ്രെസ്സി ലൈജു – പോന്നോർ ഇടവക |
| **മൂന്നാം സമ്മാനം** | ബെസ്റ്റിൻ ആന്റണി – മരത്തംകോട് ഇടവക |
| | അഞ്ജു ജോമി – പഴുന്നാന ഇടവക |

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ജോയ്സി ബെന്നി – പുറനാട്ടുകര ഇടവക
2. ഷീബ ഷാജു – കൊട്ടേക്കാട് ഇടവക
3. ഷാനി ഷാജി – ചോറ്റുപാറ ഇടവക
4. ജിസ്ന ജോസഫ് – തിരൂർ ഇടവക
5. ഷൈനി ബിജു – പുത്തൻപീടിക ഇടവക
6. ഷെർളി സണ്ണി – പാറന്നൂർ ഇടവക
7. മേരി റോസ് – ആർത്താറ്റ് ഇടവക

പങ്കെടുത്തവർക്കും വിജയികൾക്കും ഒത്തിരി നന്ദി. സമ്മാന വിതരണ ദിവസം പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി




**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മത്സരം**
**പുത്തൻപാന  പാരായണ മത്സരം**
**2020 നവംബർ 15 മുതൽ 20 വരെ**

**നിബന്ധനകൾ**

1. മത്സരം കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് മാത്രമാണ്.
2. ഒരു ഇടവകയിൽ നിന്ന് എത്ര ഭാരവാഹിക്ക് വേണമെങ്കിലും പങ്കെടുക്കാൻ സാധിക്കുന്നതാണ്.
3. മത്സര സമയം 4 മിനിറ്റാണ്. അതിൽ കൂടുതൽ വന്നാൽ പരിഗണിക്കുന്നതല്ല.
4. വീഡിയോയിൽ മുഖം മാസ്ക് വച്ച് മറക്കുവാൻ പാടുള്ളതല്ല.
5. മത്സരത്തിനുള്ള വീഡിയോ അയച്ചു തരേണ്ട ഫോൺ നമ്പർ – 9207119554
6. പുത്തൻ പാന പാരായണത്തോടൊപ്പം പേര്, യൂണിറ്റ്, ഭാരവാഹിത്വം, ഇടവക, വാട്സ് ആപ്പ് നമ്പർ എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.
7. അയയ്ക്കേണ്ട വീഡിയോയിൽ ഏതെങ്കിലും തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ മത്സരാർത്ഥിയെ ഒഴിവാക്കുന്നതായിരിക്കും.
8. പുത്തൻ പാന പാരായണം റെക്കോർഡ് ചെയ്ത് അയച്ചു തരേണ്ടത് 2020 നവംബർ 5 മുതൽ 10 വരെയുള്ള ദിവസങ്ങളിലാണ്. നവംബർ 10 വൈകീട്ട് 9 മണിക്ക് മുമ്പായി അയച്ചുതരേണ്ടതാണ്.
9. പുത്തൻ പാന പാരായണം നടത്തി റെക്കോർഡ് ചെയ്തിട്ടാണ് അയച്ചുതരേണ്ടത്.
10. വ്യക്തിപരമായ മത്സരമാണിത്.
11. പുത്തൻ പാന പാരായണത്തിന് പിന്നണി മ്യൂസിക്കുകളോ മറ്റ് സംഗീത ഉപകരണങ്ങളോ ഉപയോഗിക്കാൻ പാടുള്ളതല്ല.

12. പുത്തൻപാനയിൽ നിന്ന് ഏതുഭാഗം വേണമെങ്കിലും പാരായണത്തിന് എടുക്കാവുന്നതാണ്.
13. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി




1. സമകാലീന വിഷയങ്ങളിലുള്ള പ്രതികരണങ്ങളും ആശങ്കകളും ഭരണകർത്താക്കളെ അറിയിക്കുകയും തുടർനടപടികൾക്കായി തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു.
2. EWS സംവരണം PSC യിൽ പ്രാവർത്തികമാക്കുക.
3. ദേശീയ കാർഷിക നയത്തിലെ അപാകതകൾ പരിഹരിക്കുക, ആശങ്കകൾ ഇല്ലാതാക്കുക.
4. വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള സദസ്സുകളാണ് സംഘടിപ്പിക്കുന്നത്.
5. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ജനാധിപത്യ പ്രക്രിയയിലെ പ്രവർത്തനങ്ങളെകുറിച്ചുള്ള ഒരുക്കങ്ങൾ ഫൊറോന യൂണിറ്റ് ഭാരവാഹികളിലൂടെ നടന്നുവരുന്നു. വോട്ടർപട്ടിക പരിശോധിച്ച് പേര് ഉറപ്പു വരുത്താൽ, പേര് ഉൾപ്പെടുത്തൽ തുടങ്ങിയവ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൻ മാസ്റ്റർ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




# സി.എൽ.സി.

ജപമാല മാസമായി ആചരിക്കുന്ന ഒക്ടോബർ മാസത്തിൽ കോവിഡ് പ്രതിസന്ധിമൂലം ജപമാല കൂട്ടായ്മകൾ ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വിവിധ ഫൊറോന സി എൽ സി കളുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചകളിലും ഗൂഗിൾ മീറ്റ്, സൂം പ്ലാറ്റ് ഫോമുകൾ ഉപയോഗിച്ച് ജപമാല ആരംഭിച്ചു. ഓരോ ആഴ്ചകളിൽ, ഒരു ഫൊറോനയിലെ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിലാണ് ജപമാല ആരംഭിച്ചിരിക്കുന്നത്. ഫൊറോന സി എൽ സി പ്രമോട്ടർമാർ വിവിധ ഫൊറോനകളിൽ ജപമാലക്കു നേതൃത്വം വഹിക്കുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി




**1. പാടശേഖരത്തിൽ ഞാറു നട്ട് പ്രതിഷേധം**

കാർഷിക ബില്ല് കർഷകർക്കെതിരെയുള്ള വെല്ലുവിളിയാണെന്നും, രാജ്യത്തെ കർഷകരുടെ അദ്ധ്വാനം ആഭ്യന്തര വിദേശ വൻകിട കുത്തകകൾക്ക് ലാഭം കൊയ്യാനുള്ള വഴിയായി ഇത് മാറുമെന്നും ഞാറു നട്ട് ഉദ്ഘാടനം ചെയ്തുകൊണ്ട് മഹാ ജൂബിലി ബി എഡ് കോളേജ് പ്രിൻസിപാൾ ഡോ. ഫാ. ചാക്കോ ചിറമ്മൽ പറഞ്ഞു. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോസ് വരും ദിവസങ്ങളിൽ പതിനാറ് ഫൊറോനകളിൽനിന്നും യുവാക്കളുടെ പ്രതിഷേധ സ്വരം ഉയരും എന്നും അദ്ധ്യക്ഷപ്രസംഗത്തിൽ കൂട്ടിച്ചേർത്തു. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് സഭാനടപടിക്രമങ്ങളും, ചട്ടങ്ങളും മറി കടന്ന് കേന്ദ്ര സർക്കാർ കാർഷിക ബില്ല് ഏകപക്ഷീയമായി പാസ്സാക്കിയത് പ്രതിഷേധാർഹമാണെന്ന് സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ ആരോപിച്ചു. രാജ്യത്തെ കാർഷിക വിപണി വൻകിട ഭൂവുടമകൾക്കും, കോർപ്പറേറ്റുകൾക്കും തീറെഴുതുകയാണ് കേന്ദ്രഗവൺമെന്റിന്റെ ലക്ഷ്യമെന്നും, കാർഷിക മേഖലയിൽ ന്യായവില, മിനിമം താങ്ങുവില തുടങ്ങിയവ ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം കേന്ദ്രസർക്കാർ കോർപ്പറേറ്റുകൾക്ക് മുന്നിൽ അടിയറ വെച്ചുകൊണ്ടുള്ള നയത്തിനെതിരെ തൃശൂർ അതിരൂപത ജനറൽ സെക്രട്ടറി സാജൻ മുണ്ടൂർ, ട്രഷറർ അഖിൽ ജോസ്, വൈസ് പ്രസിഡന്റ് ജിഷാദ് ജോസ്, മുൻ അതിരൂപത പ്രസിഡന്റ് സജി ജോസഫ്, ചേലക്കര ഫൊറോന പ്രസിഡന്റ് ഷൈൻ ജോയ്, ജനറൽ സെക്രട്ടറി എനോ ജോസഫ്, യൂണിറ്റ് പ്രസിഡന്റ് അഭിലാഷ് പാടിക്കൽ, ബ്ലെസ്സിൻ ഏലിയാസ് എന്നിവർ പ്രതിഷേധമറിയിച്ച് സംസാരിച്ചു.

2. **ഫാ. സ്റ്റാൻ സ്വാമി അറസ്റ്റ്: കെണ്ണുകെട്ടി പ്രതിഷേധം**

ആദിവാസികൾക്കിടയിൽ മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ജസ്യൂട്ട് വൈദികനായ ഫാ. സ്റ്റാൻ സ്വാമിയെ നിരോധിന സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് പ്രവർത്തകനാണ് എന്നാരോപിച്ച് ജാർഖണ്ഡിലെ റാഞ്ചിയിൽനിന്നും അറസ്റ്റു ചെയ്ത നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. വ്യാജതെളിവുകൾ ഉണ്ടാക്കി കേസിൽ ഉൾപ്പെടുത്തി ഇന്ന് പൊതുസമൂഹത്തിൽ കേന്ദ്ര സർക്കാരിനെതിരെ ഉയരുന്ന നിരവധിയായ ആരോപണങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുകയെന്ന ലക്ഷ്യത്തോടെയാണ് ഈ അറസ്റ്റ് എന്ന് പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ ആരോപിച്ചു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. ട്രഷറർ അഖിൽ ജോസ്, സെക്രട്ടറി ജിയോ മാഞ്ഞൂരാൻ, സെനറ്റ് മെമ്പർ ശരത് ജോസഫ് എന്നിവർ പ്രതിഷേധമറിയിച്ചു സംസാരിച്ചു.

3. **കലോത്സവം ലോഗോ പ്രകാശനം**

അതിരൂപതയിലെ കെ.സി.വൈ.എം. യുവതീയുവാക്കളുടെ കലാ–സാഹിത്യ മികവ് മാറ്റുരയ്ക്കുന്ന കലോത്സവത്തിന്റെ ഭാഗമായി തൃശൂർ അതിരൂപത 'യൂത്ത് ഫയർ 2020' ലോഗോ പ്രകാശനം അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും ചേർന്ന് നിർവ്വഹിച്ചു. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ആമുഖ പ്രഭാഷണവും, സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ മുഖ്യപ്രഭാഷണവും നടത്തി. ട്രഷറർ അഖിൽ ജോസ്, അസി. ഡയറക്ടർ ഫാ. ഫെബിൻ കുത്തൂർ, സെക്രട്ടറി ജിയോ മാഞ്ഞൂരാൻ, സിൻഡിക്കേറ്റ് മെമ്പർ ജിമ മരിയ, സെനറ്റ് മെമ്പർ ശരത് ജോസഫ് എന്നിവർ പങ്കെടുത്തു സംസാരിച്ചു.

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ

**സാജൻ ജോസ്**
പ്രസിഡന്റ്

**സാജൻ ജോയ്**
സെക്രട്ടറി




# കെ.സി.എസ്.എൽ
# തൃശ്ശൂർ അതിരൂപത

1. **കെസിഎസ്എൽ കലോത്സവം സമാപനം**
   ഈ വർഷത്തെ KCSL അതിരൂപത കലോത്സവം ഒക്ടോബർ 2ന് തൃശൂർ സെന്റ് തോമസ് തോപ്പ് HSS ൽ വച്ച് നടന്നു. ഓൺലൈനായാണ് മത്സരങ്ങൾ നടന്നത്. അവതരണ മത്സരങ്ങൾക്ക് തൽസമയം വിധി നിർണ്ണയവും നടത്തി. മൂന്നൂറിൽപരം മത്സരാർത്ഥികൾ പങ്കെടുത്തു.
2. **ഡിസംബർ 5ന് അതിരൂപതാ KCSL ദിനം**
   KCSL അതിരൂപതാദിനം ഡിസംബർ 5ന് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. കലാസാഹിത്യോത്സവ മത്സരവിജയികൾക്ക് സമ്മാനങ്ങൾ പ്രസ്തുത മീറ്റിംഗിൽ വച്ച് വിതരണം ചെയ്യും. വിശദ വിവരങ്ങൾ പിന്നീട് ബ്ലോഗിൽ നൽകാം.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

നവംബർ 18ന് മെത്രാഭിഷേക
മൂന്നാം വാർഷികം ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്
തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.10.2020
**November- 2020**



**നവംബർ 30ന്**
നാമഹേതുക തിരുന്നാൾ
ആഘോഷിക്കുന്ന
**അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്**
പിതാവിന് തൃശ്ശൂർ അതിരൂപത
മക്കളുടെ പ്രാർത്ഥനാശംസകൾ...

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor